

# ഒരു മയിൽപ്പീലിയും ഒരു രാഷ്ട്രവും

വിഷ്ണു നാരായണൻ നമ്പൂതിരി

എന്താണ് കൃഷ്ണാവതാരത്തിന്റെ പ്രസക്തി? ഓരോ വ്യക്തിയും നിർഭയത്വം നേടി മോചനത്തിലേക്ക് പ്രയാണമാരംഭിക്കുക എന്നതാണ് അതിന്റെ പൊരുൾ എന്ന് മേല്പുത്തൂർ പറയുന്നു. കണ്ണുകെട്ടി ഓടിയാൽപ്പോലും തെറ്റാത്ത മാർഗ്ഗനിഷ്ഠയാണ് ഫലം എന്നും ആ കവി പറയുന്നുണ്ട്. കുറെക്കൂടി കടന്നുകാണാനും അദ്ദേഹം തുനിയുന്നു. എല്ലായിടത്തും എല്ലാവരും, സമഷ്ടിജനമാകേതന്നെ 'സൗഹാർദ്ദഭീതി സ്നേഹദ്വേഷാനുരാഗ പ്രഭൃതിക'ളായ യോഗമാർഗ്ഗങ്ങളിലൂടെ കൈവല്യമടയുക എന്ന, അത്ര ശ്രമമാവശ്യമില്ലാത്ത ലക്ഷ്യനിർദ്ദേശമാണ് കൃഷ്ണാവതാരത്തിന്റെ സന്ദേശം എന്ന് നാരായണീയത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടല്ലോ. ചരടറുത്ത് കാറ്റത്തിട്ട പുസ്തകംപോലെ ഇളകിമറിയുന്ന ഇന്നത്തെ ഇന്ത്യയിൽ ആ യോഗമാർഗ്ഗത്തിന്റെ പ്രസക്തി എന്നത്തെക്കാളും അധികമത്രേ.

സ്നേഹദ്വേഷഭയാദികൾക്കടിപ്പെട്ട് തോന്നിയമാതിരി ജന്മം മുടിച്ചു തീർക്കുക എന്നതല്ല "അശ്രമം" (ശ്രമരഹിതം) എന്നു വിശേഷിപ്പിക്കപ്പെട്ട ആ യോഗമാർഗ്ഗം. അവയുടെ സന്തർപ്പണത്തിലൂടെത്തന്നെ അവയെ കീഴടക്കുകയും, സമ്പൂർണ്ണമായ ആത്മസമർപ്പണംവഴി ആവക ഓരോ ഇന്ദ്രിയകർമ്മത്തെയും ആരാധനയാക്കി മാറ്റുകയും ചെയ്യുക എന്നതാണ് കൃഷ്ണന്റെ മാതൃകാമാർഗ്ഗമായി മേല്പുത്തൂർ ചൂണ്ടിക്കാട്ടുന്നത്. ആഹാരനീഹാരനിദ്രാമൈഥുനങ്ങൾക്കപ്പുറം ആന്തരമായൊരു വ്യക്തിത്വവും അതിന്റെ വികാസവും സാക്ഷാത്ക്കരിക്കണമെങ്കിൽ ഏതുരാഷ്ട്രത്തിനും അങ്ങനെ ചില യോഗമാർഗ്ഗങ്ങൾ ശീലിച്ചിരിക്കേണ്ടതുണ്ട്.

## രാഷ്ട്രവ്യക്തിത്വത്തിന്റെ ആധാരം

ഭാരതത്തിന്റെ പ്രാണപടം ഈ യോഗേശ്വരനായ കൃഷ്ണനാകുന്നു. കൃഷ്ണകഥയില്ലാത്ത ഇന്ത്യ വന്ധ്യാപുത്രനെപ്പോലൊരു വ്യർത്ഥവിചാരം മാത്രം! ആയിരത്താണ്ടുകളായി ഇങ്ങനെ ഈ ഉപഭൂഖണ്ഡം നിലനിന്നു പോരുന്നു. തനതായ ചുവടുവെപ്പോടെ, തനതായ കൈയൊപ്പോടെ. അത്ര ദീർഘമായ ഒരു ജീവിതസംസ്കാരനൈരന്തര്യം ഭൂമുഖത്ത് മറ്റൊരിടത്തും കാണാൻ കഴിയില്ലെങ്കിൽ, കാരണമുണ്ട്: ഇത്ര ഉദാത്തമായ ഒരു ആധാരബിംബത്താൽ അനുപ്രാണിതമായ രാഷ്ട്രവ്യക്തിത്വം വേറെങ്ങും കാണാനില്ല. ചോരയുടെ നിറവും അതിന്റെ വീര്യവും എന്നപോലെ ഇന്ത്യയും കൃഷ്ണകഥയും അഭേദമാർജ്ജിച്ചിരിക്കുകയാണ്.

ദ്വാരകയുടെ നഗരാവശിഷ്ടം കടൽത്തട്ടിൽനിന്ന് ദൂരദർശൻവഴി ഓരോ അകത്തളത്തിലും ഇന്ന് എത്തിച്ചേർന്നു കഴിഞ്ഞതോടെ, കൃഷ്ണസങ്കല്പം കെട്ടുകഥയെന്നു വിളിച്ചുതള്ളാൻ ബുദ്ധിജീവികൾക്കും നാണം തോന്നുണ്ടാവണം. എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ചുകൊണ്ട് സംസ്കാരത്തിന്റെ പ്രതിസന്ധികളിലെല്ലാം ഈ പുണ്യഭൂമിയിൽ ജ്വലിച്ചുയരുന്ന അഗ്നിവിദ്യയുടെ അവതാരങ്ങളെപ്പറ്റി അവർക്ക് അറിവോ താത്പര്യമോ കണ്ടെന്നുവരില്ല. കൃഷ്ണനും വ്യാസനും കാളിദാസനും ശങ്കരനും വിവേകാനന്ദനും ഗാന്ധിയും ടാഗോറും ജയപ്രകാശും ഒറ്റപ്പെട്ട യാദൃച്ഛികപ്രതിഭാസങ്ങളെന്നു കണ്ടെത്താനല്ലേ യുക്തിയുടെ കാക്കക്കണ്ണിനു കഴിയൂ? അവരിലൂടെ അഗാധമായ ഒരു തുടർച്ചയെ അനുഭവിച്ചറിയുവാൻ 'സ്വസ്ഥിതിതൻ മറുപുറം തപ്പുന്ന' മറ്റൊരു രീതി, യോഗരീതി, ഋഷിയുടെയും കവിയുടെയും രീതി നിശ്ചയമുണ്ടാവണം. അവർക്കറിയാം രാഷ്ട്രത്തെ നിലനിർത്തുന്നത് ഭണ്ഡാരവും തോക്കുമല്ല, ഗ്രന്ഥങ്ങളാണെന്ന്.

എന്നാണ് കൃഷ്ണൻ ഈ രാഷ്ട്രത്തിനു പ്രാണപ്രതിഷ്ഠ അരുളിയത്? വേദത്തിൽ കൃഷ്ണനെ കാണുന്നില്ല. ഹരിവംശം ഇന്നും തേജോമയമായി നമ്മുടെ മുന്നിലുള്ള സ്ഥിതിക്ക്, വ്യാസന്റെ കാലം (മഹാഭാരതകാലം) ആയപ്പോഴേക്ക് ദക്ഷിണേഷ്യയിലുടനീളം ഗ്രാമങ്ങളിലും ജനപദങ്ങളിലും കൃഷ്ണകഥാസംസ്കാരം പടർന്നു പന്തലിച്ചുകഴിഞ്ഞിരുന്നു എന്നു കരുതാം. നയതന്ത്രകോവിദനായ കൃഷ്ണനെ ഭാസൻ പരാമർശിക്കുന്നുണ്ട് വിചിത്രവർണ്ണമണിഞ്ഞ് പീലിത്തിരുമുടി ചൂടിയ ആ ഗോപവേഷത്തെ കാളിദാസനു പരിചയമുണ്ട്.

കേരളത്തിൽ എഴുതപ്പെട്ട ആദികാവ്യങ്ങളിലൊന്നായ മുകുന്ദമാല അരവിന്ദദളായതാക്ഷനുള്ള അർച്ചനയാണ്. എങ്കിലും, നാമിന്നു കാണുന്ന തരം വാസുദേവഭക്തിപ്രസ്ഥാനത്തിന്റെ അടിത്തറ ശ്രീമദ് ഭാഗവതമാകുന്നു. ശുകപ്രണീതമായ ഈ ശാസ്ത്രത്തിന്റെ (അതെ, 'രസമാലയം' ആയ മധുരശാസ്ത്രം!) കാലം തീർച്ചയായിട്ടില്ല.

## കരണശുദ്ധി

എന്താണ് ഭാഗവതം ശാസിച്ചു ചൊല്ലിത്തരുന്നത്? ആനന്ദത്തിനെന്നപോലെ വിദ്യയ്ക്കും വകഭേദങ്ങളും അധികാരിഭേദവുമുണ്ട് എന്നാണ്. ജനനംകൊണ്ട് നമ്മൾ എല്ലാറ്റിനും അധികാരികളാകുന്നു എന്ന് പഴയ പൗരോഹിത്യവും പുതിയ ജനാധിപത്യവും ഭിന്നരീതിയിൽ വാദിച്ചുപോന്നിട്ടുണ്ട്. അതുമായി ഇടപഴകി ശീലിച്ചവർക്കു ഭാഗവതസത്ത രുചിച്ചെന്നുവരില്ല. കേവലംജന്മംകൊണ്ട് ആരും ഒന്നിനും അധികാരിയാകുന്നില്ല എന്നതത്രേ വാസ്തവം. ശ്രദ്ധയും വാസനയും വിശിഷ്ടകർമ്മവും കൊണ്ട് ആർജ്ജിക്കുന്ന

കരണശുദ്ധി മാത്രമാണ് മോചനത്തിന്റെ വാഗ്ദാനം എന്ന് ശുകശാസ്ത്രം പഠിപ്പിക്കുന്നു. ഇവയുടെ അടസ്ഥാനത്തിൽ ആശ്രമവൃത്തിഭേദമനുസരിച്ച് മുക്തിയുടെ മാർഗ്ഗാന്തരങ്ങളെ വിസ്തരിച്ചുപദേശിക്കുകയാണ് ഭാഗവതം ചെയ്യുന്നത് പുരുഷർഷഭനായ കൃഷ്ണനാണ് ഇവിടെ ദേശികനും മാതൃകയുമായി അവതീർണ്ണനാകുന്നത്.

ബാല്യത്തിലെ ലീലവിനോദങ്ങൾക്കു നിദർശനമായി വർത്തിക്കുന്ന അമ്പാടിക്കണ്ണന്റെ മാതൃക ചെറുശ്ശേരിതൊട്ടിങ്ങോട്ട് സുഗതകുമാരി വരെയുള്ള കവികളിലൂടെ നമുക്കു പരിചിതമാണ്.

## പ്രതീകാർത്ഥങ്ങളിലേക്ക്

യൗവനാനുരാഗത്തിന്റെയും ഗൃഹസ്ഥാശ്രമധർമ്മത്തിന്റെയും കൃഷ്ണമാതൃകയും സമാദേശവും ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. കേവലം കാമചാരിയായ ഒരു ആൽത്തറപ്പൂവാലനായി കൃഷ്ണനെ കരുതുന്ന പലരും സത്യത്തിൽ ഭാഗവതം ശ്രദ്ധിച്ചു വായിക്കാത്തവരാണ് അഥവാ വായിച്ചിട്ട് ഫലമില്ലാത്തവരാണ്. രാസക്രീഡയും ഗോപികാ വസ്ത്രാപഹരണവും മറ്റും പ്രതീകാർത്ഥം ചുരണ്ടിക്കളഞ്ഞിട്ടാണ് നാം ഉൾക്കൊള്ളാറ്. നിരവധി പെൺകിടാങ്ങൾ പുലർച്ചയ്ക്കു പുഴവക്കത്ത് ഒത്തുകൂടി മൺപ്രതിമയുണ്ടാക്കി പൂജിച്ച് എല്ലാവരും ഒത്തുചേർന്ന്

കാത്യായനി മഹാമായേ..!<br>
നന്ദഗോപസുതം ദേവി<br>
പതിം മേ കുരു!

എന്ന് പ്രാർത്ഥിക്കുന്നത് ഒരിക്കലും യഥാർത്ഥ വാചിയല്ലെന്ന് ആർക്കാണറിയാത്തത്? “അങ്ങനെ എല്ലാവരും ഒത്തുചേർന്ന് ഒരേ സമയം എന്നെ പ്രാപിക്കണമെങ്കിൽ ആദ്യം ആ ദേഹാഭിമാനം അഴിച്ചുവെക്കൂ!” എന്ന് തത്ത്വാർത്ഥബോധനത്തിലേക്കുള്ള പ്രവേശമാണ് തുടർന്നുള്ള അനാവരണകഥ. “ഭാര്യയോടൊപ്പം ഒരു യാമം നർമ്മസല്ലാനം ചെയ്യൂ; അതിനപ്പുറം ഒരു ധർമ്മവുമില്ല” എന്ന, ദശമം അറുപതാമദ്ധ്യായത്തിലെ കൃഷ്ണവാക്യത്തിനും ഇതേവിധം ധർമ്മാനുസൃതമായ ഭാവമാണ് നിവേദിക്കുവാനുള്ളത്.

കൃഷ്ണന്റെ പതിനാറായിരം വിവാഹങ്ങളുടെ താത്പര്യം എന്തെന്ന്, എപ്രകാരമാണ് ഗോത്രങ്ങളുടെ സമന്വയം എന്ന ചരിത്രധർമ്മം കൃഷ്ണൻ അനുഷ്ഠിക്കുന്നത് എന്ന്, നിരീശ്വരനായ ഡി.ഡി. കോസാംബിതന്നെ സമർത്ഥമായി വ്യക്തമാക്കുന്നുണ്ട്.

കുരുക്ഷേത്രത്തിലെ പാർത്ഥസാരഥിയുടെ ഗീതോപദേശം അന്നുമിന്നും രാഷ്ട്രീയകർമ്മയോഗികൾക്കുള്ള പ്രയോഗദീപികയായി വർത്തിക്കുന്നു.

നാലാം ആശ്രമത്തിലേക്കു കടക്കുന്നവർക്കുള്ള വിശദമായ വഴി കാട്ടിയാണ് ഏകാദശസ്കന്ധത്തിൽ നെടുകെ വ്യാപിച്ചുകിടക്കുന്ന ഉദ്ധവോപദേശം. ഒരർഥത്തിൽ, അളകനന്ദയുടെ മൂലസ്രോതസ്സിൽ ചെന്നു വിലയംപ്രാപിക്കുന്ന ഈ ഭാഗമാണ് ഭാഗവതധർമ്മത്തിന്റെ പരമമായ ഭാവം.

ഇവയ്ക്കു പുറമേ, പ്രപഞ്ചോത്പത്തിയെയും ജീവോത്പത്തിയെയും ജീവിതത്തിന്റെ നിയാമകശക്തികളെയുംപറ്റി എത്രയോ സമുന്നത ചർച്ചകളും കാഴ്ചപ്പാടുകളും കൃഷ്ണകഥാമൃതത്തിലൂടെ നിവേദിക്കപ്പെടുന്നുണ്ട്! വത്സസ്തേയത്തിനു ശേഷം വിനീതനായ ബ്രഹ്മാവ് ഉള്ളുരീകി ചെയ്യുന്ന ആ ഉദ്ഗാനത്തെ നേരാംവണ്ണം മനസ്സിലാക്കിയാൽ അത്യാധുനിക സയൻസിന്റെ പ്രപഞ്ചവീക്ഷണം ഉൾക്കൊള്ളാൻ നല്ലൊരു തയ്യാറെടുപ്പാകും.

## അപരിഗ്രഹസംസ്കാരം

മനുഷ്യജീവിതവും പ്രകൃതിയും തമ്മിലുള്ള താളം തെറ്റിച്ച് ഭൂമിയെ മരുപ്പരപ്പാക്കുകയും വായുവിനെ വിഷക്കാറ്റാക്കുകയും ചെയ്യുന്ന പിഴച്ച ജീവിതശൈലിക്ക് - ചൂഷണാധിഷ്ഠിതമായ രാഷ്ട്രവ്യവഹാരങ്ങൾക്ക് - പ്രത്യൗഷധമായി അപരിഗ്രഹസംസ്കാരം ഇന്നും ഇന്ത്യയിൽ വിളിപ്പുറത്തുണ്ട്. ഭാഗവതകഥാന്ത്യത്തിൽ കൃഷ്ണൻ ഉദ്ധവർക്കു നൽകുന്ന ഉപദേശങ്ങളുടെ സാരാംശം ഈ അപരിഗ്രഹമൂല്യമാകുന്നു.

വെറുതേയല്ല കൺവിടർന്ന കവിയായ വൈലോപ്പിള്ളി “കൃഷ്ണാഷ്ടമി”യിലൂടെ അമൃതമായ തന്റെ ശ്യാമദർശനം അവതരിപ്പിച്ചത്. ദില്ലിപാദുഷയുടെ തുറുങ്കറയിൽ കള്ളനും തെമ്മാടിയും വേശ്യയും സന്ന്യാസിയും കൃഷ്ണാഷ്ടമി ആഘോഷിക്കുന്നതാണ് അതിലെ പ്രമേയം. സ്നേഹഭീതിദ്വേഷകാമങ്ങൾവഴിതന്നെ അവർക്കു മുക്തിമാർഗ്ഗം തുറന്നുകിട്ടുന്നു.

ഞാനറിയുന്നേൻ: നിത്യാന്ധർക്കിതു<br>
കാണുക ശക്യമല്ലെന്നാലും<br>
കണ്ണൻ വന്നു തുറുങ്കിൽ, ഞങ്ങടെ<br>
മുന്നിലിരുന്നൂ സോല്ലാസം.

ആ നിത്യാന്ധന്മാർക്കുവേണ്ടി ഇത്രകൂടി വൈലോപ്പിള്ളി കുറിച്ചിടുന്നു: നമ്മുടെ രാഷ്ട്രത്തിന്റെ കൈവല്യവും മുക്തിയും ഈ കൃഷ്ണാവതാരത്തിലൂടെയാണ് സാക്ഷാത്ക്കരിക്കപ്പെടുക. ഇവിടുത്തെ കാടും വയലും സന്ധ്യകളും ആണ്ടോടാണ്ട് ഒരുങ്ങിത്തയ്യറാകുന്നത് ആ അവരാരത്തിനുവേണ്ടിയാണ്.

ഉള്ളിലും അങ്കതലത്തിലുമങ്ങനെ<br>
ഉണ്ണിയിരുന്നു ചിരിക്കുമ്പോൾ<br>
അമ്മയ്ക്കെന്തിനു സന്താപം? ഹാ,<br>
നമ്മൾക്കെന്തിനു സന്താപം?

**വിഷ്ണു നാരായണൻ നമ്പൂതിരി (1939-2021)**

# വിഷ്ണുസഹസ്രനാമാവലിയുടെ ആമുഖം



ഡോ. രാജേശ്വരികുഞ്ഞമ്മ



അഞ്ചാം വേദമെന്നറിയപ്പെടുന്ന ശ്രീമഹാഭാരതം ശ്രീമദ് വേദവ്യാസനാൽ വിരചിതമാണ്. വ്യാസൻ തന്റെ പുത്രനായ ശുകനേയും പിന്നീട് ശുകന്റെ ശിഷ്യന്മാരും അതിനു ശേഷം പരീക്ഷിത്തിന്റെ പുത്രനായ ജനമേജയൻ യാഗം നടത്തുന്നിടത്ത് അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം വ്യാസന്റെ ശിഷ്യനായ വൈശമ്പായനോട് ഭാരത കഥ പറയാൻ ആവശ്യപ്പെട്ടു. ആ സദസ്സിലുണ്ടായിരുന്ന ഉഗ്രശ്രവസ്സ് പിന്നീട് നൈമിഷാരണ്യത്തിൽ വച്ചു ശൗനകാദി മഹർഷികൾക്കും മറ്റും പറഞ്ഞുകൊടുത്ത മഹാഭാരതകഥ അങ്ങനെ സാധരണക്കാരിലേക്ക് എത്തി. ഉഗ്രശ്രവസ്സിന്റെ വാക്കുകളിൽ കൂടി സർപ്പയാഗാവശ്യകഥ, ഭൃഗുവംശ ചരിത്രം, അനന്തന്റെ തപസ്സ്, പരീക്ഷിത്തിന്റെ ചരിത്രം, സർപ്പയാഗം അവസാനിപ്പിക്കുന്നത് ഇങ്ങനെ തുടങ്ങി വ്യാസശിഷ്യനായ വൈശമ്പായനനാൽ ഭരതകഥയെ വിവരിക്കുമ്പോഴാണ് പാണ്ഡവ ചരിത്രം ആരംഭിക്കുന്നത്.

ശന്തനുവിൽ തുടങ്ങുന്ന കൗരവപാണ്ഡവചരിത്രം അതിൽപെട്ട ചരിത്രകഥാവലോകനങ്ങൾ ഇവയൊക്കെ വിശദമായി ശ്രോതാവിന് ആ കാലഘട്ടത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നു. വായ്മൊഴിയിലായിരുന്ന അദ്ധ്യാത്മികതത്ത്വങ്ങളും ചരിത്രകഥകളും എഴുതിതയ്യാറാക്കി എന്നതാണ് വ്യാസന്റെ മഹത്ത്വം. അതും എഴുതാൻ സഹായിച്ചത് മഹാഗണപതിയും. 18 പർവ്വങ്ങളിലായി രചിച്ച മഹാഭാരതത്തിലെ വന പർവ്വത്തിലാണ് ''ഈ ഭൂമിയിലുള്ള ജീവജാലങ്ങൾക്ക് വിഷ്ണുസഹസ്രനാമത്തിന്റെ ഫലശ്രുതിയിൽ പറയുന്നതുപോലെ രോഗം കൊണ്ടു ദുഃഖിക്കുന്നവർ രോഗവിമുക്തനാകും ബന്ധനത്തിലായവർ മോചിക്കപ്പെടും. മനസമാധാനം ലഭിക്കും ആപത്തിൽ നിന്നുകരകയറും'' എന്നൊക്കെ പറഞ്ഞിട്ടുള്ളത്.

ഇതിന്റെ സന്ദർഭവും ഭഗവാന്റെ ആയിരത്തിൽ പരം നാമവും വിവരിക്കുവാൻ എളുപ്പമല്ല. വളരെ പ്രാചീനമായ ഈ നാമാവലി പരമാത്മാവിനെ അറിയുക എന്ന ലക്ഷ്യത്തിലാണ് വിരചിതമായിട്ടുള്ളത്.

എന്താണിതിന്റെ സന്ദർഭം? പാണ്ഡവ കൗരവയുദ്ധം അതിന്റെ അന്ത്യത്തിലേക്ക് അടുക്കാറായി. പത്താം ദിവസം പാണ്ഡവസേനക്ക് മുൻപിൽ നിന്നിരുന്ന ശിഖണ്ഡിയെക്കണ്ട് പഴയശാപങ്ങളും മറ്റും ഓർമിച്ച ഭീഷ്മർ ഒന്നു പതറി. അങ്ങനെ അർജുന ബാണം ഭീഷ്മരുടെ ശരീരം കീറിമുറിച്ചു.

അഷ്ടവസുക്കളിൽ 7 പേരും പോയി. ഇനിതാൻമാത്രം തനിക്കും പോകാൻ സമയമായിയെന്നുതോന്നി. മാനസികമായി തികച്ചും വേദന അനുഭവിക്കുന്ന ഭീഷ്മർ സ്വച്ഛന്ത മരണത്തേക്കുറിച്ച് ദുശ്ശാസനനോട് പറയുകയും വീണ്ടും വീണ്ടും വന്ന അർജുനബാണത്താൽ നിലം പതിക്കുകയും ചെയ്തു. നിലംതൊടാതെ കിടന്ന ശരീരത്തെ തലയുയർത്താനായി വീണ്ടും ഒരമ്പുകൂടി എയ്തു അർജുനൻ തലയുയർത്തി. പരമാത്മാവിൽ ലയിക്കാൻ ഉത്തരായനംവരെ കിടക്കുമെന്നു പറഞ്ഞു. അവിടെ വ്യാസൻ പറയുന്നത് ''വിജ്ഞാനിയും ബുദ്ധിമാനുമായ ശന്തനു പുത്രൻ ഉപനിഷാദിഗ്രന്ഥങ്ങളും മറ്റും നൽകിയ പരമസത്യത്തെ പ്രാർത്ഥിച്ചും സമാധാനപ്രിയനായി തന്റെ മരണവും കാത്തു കിടന്നുവെന്നാണ്.'' തന്റെ മരണത്തോടുകൂടി ഹസ്തിനാപുരം ശാന്തമാകുമെന്നും അദ്ദേഹം വിചാരിച്ചു. ശരശയ്യയിൽ വേദനയോടു കൂടികിടക്കുമ്പോഴും തന്റെ തെറ്റുകളെ ഓർമ്മിക്കുകയും തുല്ല്യനായ മറ്റൊരു വ്യക്തിയോടു തെറ്റുകളേയും പറയാനും സാധിക്കുകയെന്നത് ഭീഷ്മർക്ക് മാത്രമേസാധിക്കുകയുള്ളു. ഒരു ജീവിതകാലം മുഴുവൻ ത്യാഗങ്ങളിലൂടെ ധാർമ്മികതയിലൂടെ ശപഥങ്ങൾ പാലിച്ചുകൊണ്ട് സ്വജീവിതംസ്വച്ഛന്ദ മൃത്യുവിലേക്ക് എത്തിച്ച ഭീഷ്മർ ലോകത്തിന് മാതൃകയാണ്. ഇങ്ങനെയുള്ള ഒരാൾക്ക് മാത്രമേ സാക്ഷാൽ വിഷ്ണുഭഗവാന്റെ നാമങ്ങൾ ഉച്ചരിക്കുവാൻ സാധിക്കുന്നതും. ഇവിടെയാണ് ശ്രീകൃഷ്ണൻ ആപത്തിൽ പെട്ടുകിടക്കുന്ന തന്റെ ഭക്തരെ കരകയറ്റാൻ കണ്ടുപിടിച്ചതന്ത്രം. സ്വന്തക്കാരെല്ലാം മരിച്ചു വീഴുന്നതുകണ്ട യുധിഷ്ഠിരൻ മാനസികമായി തളർന്നിരുന്നു. യുദ്ധാരംഭത്തിനു മുൻമ്പ് കാർപ്പണ്യദോഷംബാധിച്ച അർജുനനെ സ്വന്തം കർത്തവ്യത്തിലേക്ക് മടക്കി കൊണ്ടുവന്ന ഭഗവാൻ ശ്രീകൃഷ്ണന്റെ അടുത്തദൗത്യം യുധിഷ്ഠിരനേയും അറിഞ്ഞുകൊണ്ട് തെറ്റു ചെയ്ത ഭീഷ്മരേയും

പരമാത്മമോക്ഷപ്രാപ്തിയിലേക്ക് അതായത് സത്യശിവ അനന്തശ്രോതസ്സായ ഭഗവാൻ ഗീതയിൽ പറയുന്നത് "ഏതെങ്കിലും ഒരു ഭക്തൻ തന്റെ അറിവും ശക്തികളുമുപയോഗിച്ച് ശക്തനായി തീരുമ്പോൾ എന്നിലേക്ക് തിരിയും. അവന്റെ ഉത്തമ ഭാഗം ഞാനാണെന്നറിയും. അങ്ങനെ എന്നിൽ അർപ്പണം ചെയ്തു മുക്തനാകും" ഇവിടെയാണ് മാനസികാഘാതത്തിൽ നട്ടം തിരിയുന്ന യുധിഷ്ഠിരനും മോക്ഷമാർഗ്ഗത്തിലേക്ക് തിരിയുന്ന ഭീഷ്മരും. അർജുന ബാണത്താൽ ദുര്യോധനൻ ഉണ്ടാക്കിക്കൊടുത്ത അശുദ്ധരക്തമല്ല. മറിച്ച് അർജുനബാണത്താൻ ശുദ്ധീകരിക്കപെട്ട നവരക്തമാണ് ഭീഷ്മരുടെ ശരീരത്തുള്ളത്. ഇവിടെ 'ഞാൻ' ഇല്ല, എല്ലാം ഈശ്വരൻ, പൂർണ്ണമായകീഴടക്കം. ശരണാഗതി. അതാണ് ഭീഷ്മരുടെ നാവിലുള്ളത്. മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധി യുധിഷ്ഠിരൻ, ജ്ഞാനത്തിന്റെ ഉറവിടമായി കണക്കാക്കുന്ന ബ്രഹ്മാവ്, നാരദൻ, ശിവൻ, സുബ്രഹ്മണ്യൻ, കപിലൻ, മനു, പ്രഹ്ളാദൻ, ജനകൻ, ബാലി, ശുക്രൻ, യമൻ എന്നിവരുടെ മുൻപിൽ നില്ക്കുന്ന ഭീഷ്മർ. ഈ ഭീഷ്മരുടെ മുന്നിൽ ശ്രീകൃഷ്ണൻ യുധിഷ്ഠിരനെ എത്തിക്കുകയാണ്. യുധിഷ്ഠിരന്റെ ചോദ്യങ്ങൾ ഇതാണ്. ലോകത്തിൽ ഏകനായ ദേവൻ ആരാണ്? ഏറ്റവും പ്രാപ്യമായസ്ഥാനം, ഏതൊരുദേവനെ പൂജിച്ചാൽ സദ്ഗതി കിട്ടും എറ്റവും ശ്രേഷ്ഠമായ ധർമ്മം എങ്ങനെജപിച്ചാൽ ജന്മസംസാരത്തിൽനിന്നും മുക്തി ലഭിക്കും ഇതിനുത്തരമായി വിഷ്ണുഭഗവാൻ ഏകദൈവമെന്നും അദ്ദേഹത്തെ പ്രാപിച്ച്, സ്വയം അർപ്പിച്ചു സഹസ്രനാമം ജപിച്ച് സംസാരസാഗരത്തിൽ നിന്നും മുക്തനാകണം. ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദപാദരുടെ ആജ്ഞപ്രകാരം എഴുതിയ ആചാര്യരുടെ ഭാഷ്യത്തിലും, നാരദ സൂത്രത്തിലും എല്ലാം വിവരിക്കുന്നത് ഒരു യോഗ്യനായ ഗുരുവിന്റെ മാർഗ്ഗനിർദ്ദേശം ലഭ്യമാകണമെന്നാണ്. അതാണിവിടെ യുധിഷ്ഠിരന് ഭീഷ്മരിൽ നിന്നും ലഭിച്ചത്. ഭീഷ്മർ പറയുന്നു "ലോകൈകനാഥനായ മഹാവിഷ്ണുവിന്റെ ആയിരം നാമങ്ങളെ പാപങ്ങളും ഭയങ്ങളും നീക്കുന്നതിനായി അല്ലയോ രാജാവേ (യുധിഷ്ഠിരാ) എന്നിൽ നിന്ന് കേട്ടാലുമെന്നാണ്. മഹാവിഷ്ണുവിന്റെ അംഗപ്രത്യാശ വർണ്ണനകളിലൂടെ സർവ്വ ലോകത്തിന്റെ അധിപതിയായി പ്രപഞ്ചത്തെ നയിക്കുന്ന ഭഗവാൻ ധർമ്മസംസ്ഥാപനത്തിനു വേണ്ടി വിവിധ രൂപങ്ങളിലൂടെ പ്രത്യക്ഷപെടുന്നു. ഈ നാമങ്ങൾ കേൾക്കുന്നവനും ജപിക്കുന്നവനും പരാജയമില്ല. കൃഷ്ണൻ പറയുന്നത് ഭക്തന്റെ ഒറ്റശ്ലോകം കൊണ്ടുതാൻ തൃപ്തനാണെന്നാണ് കൃഷ്ണൻ ഗീതയിൽ പറയുന്നു "എന്നിൽ മനസ്സുറപ്പിക്കു, എന്നിൽ മനസ്സുറപ്പിച്ച് എന്നെപ്രാപിക്കാം നീയെനിക്ക് പ്രിയപ്പെട്ടവനാണ് " എല്ലാവരും ഭഗവാന് പ്രിയപ്പെട്ടവരായിരിക്കട്ടെ.



# പൂന്താന ഭക്തി



പ്രസീത രാമചന്ദ്രൻ

സന്താന ദുഃഖഭാരം പൂണ്ടു വിങ്ങുന്ന
പത്നിയോടായി പൂന്താനമോതി
ദുഃഖമകറ്റുമെൻ ഗുരുവായൂരോമന-
ക്കണ്ണനെകാണാൻ ഗമിക്ക വേഗം

യാത്രക്കൊരുങ്ങിയ നേരമുള്ളിൽ തോന്നി
എന്തു ഞാനുണ്ണിക്കു നൽകുമിപ്പോൾ
ഓടി നടന്നുള്ളതൊക്കെയും ചേർത്തൊരു
കുഞ്ഞംഗുലീയം കരുതി കയ്യിൽ

യാത്രയിൽ കാടുകൾ മേടുകളേറെയും
താണ്ടിയതൊന്നുമറിഞ്ഞതില്ല
സന്ധ്യയായിരുൾ മൂടി വഴികൾ മറയവെ
വിശ്രമിക്കാനായിരുന്ന നേരം

ആക്രോശമോടൊരു തസ്കരനായുധ
മേന്തിയലറി മദിച്ചു വന്നു
കണ്ണനെയൊരുനോക്കു കാണുവാനാകാതെ-
യന്ത്യമോ എന്നൊരു ഭീതി തോന്നി

പെട്ടെന്നൊരു ദൃഢഗാത്ര നാം സൈനികൻ
കുതിരപ്പുറമേറിയെത്തി ചാരെ
തസ്കരനോടിയകന്നു മറഞ്ഞുപോയ്
കാവലായ് നിന്നഹോ സൈനികനും

നീങ്ങി തടസ്സമിനിയെന്റെ കണ്ണനെ
കാണുവാനെന്നോർത്ത് പൂന്താനവും
ഏറിയ മോദേന കയ്യിൽ കരുതിയ
മോതിരമാരക്ഷകനു നൽകി

ബ്രാഹ്മമുഹൂർത്തത്തിൽ സ്നാനാദികൾ തീർത്തു
യാത്ര തുടങ്ങിയാവേശമോടെ
ഭൂലോക വൈകുണ്ഠനാഥനാം കണ്ണന്റെ
തിരുമുന്നിലെത്തി കൈ കൂപ്പി നിന്നു

കണ്ണുനീർ ധാരയിൽ കണ്ണനെയടിമുടി
കൊതിയോടെയിരുവരും നോക്കി നിന്നു
അന്നേരമത്ഭുതം കുഞ്ഞു വിരലിലായ്
രക്ഷകനേകിയൊരംഗുലീയം

സ്തബ്ധനായ് നിന്നുപോയ് തെല്ലുനേരം പിന്നെ
പൊട്ടിക്കരഞ്ഞു തൊഴുതു ചൊല്ലി
നീ തന്നെയായിരുന്നാ രക്ഷകനെന്നറിയുന്നു
ഞാനെന്റെ കണ്ണനുണ്ണീ

പൂന്താന പത്നിതൻ സന്താപ ഭാരങ്ങൾ
കണ്ണുനീർ ധാരയായ് പെയ്തൊഴിഞ്ഞു
കണ്ണനാമുണ്ണിയെ ഹൃത്തിൽ പ്രതിഷ്ഠിച്ചു
കല്മഷം തീർന്നു മനം തെളിഞ്ഞു.

# ഭാഗവതാഢ്യ-ശബരി



രാജി എസ്. വാരിയർ

ഭാരതവർഷം എണ്ണിയാലൊടുങ്ങാത്ത മഹാത്മാക്കൾക്ക് ജന്മം നൽകിയ പുണ്യഭൂമിയാണല്ലൊ. എത്രയെത്ര ജന്മങ്ങളിലെ പുണ്യകർമ്മങ്ങളുടെ ഫലമായിട്ടാണ് നാമെല്ലാം ഭാരതത്തിൽ പിറന്നിരിക്കുന്നത്. ഒരോ ജീവനേയും പ്രത്യേകം പ്രത്യേകം ചുമതലകളുമായാണ് ഭഗവാൻ ഈ ഭൂമിയിലേക്ക് അയച്ചിരിക്കുന്നത്. സ്വധർമ്മം എന്താണെന്ന് മനസ്സിലാക്കി അതു നന്നായി നിറവേററാൻ ഓരോരുത്തരും ഉത്സാഹിക്കണം. ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണ ഭഗവാൻ അർജ്ജുനനോടു് പറയുന്നതും മറെറാന്നല്ല.

‘ശ്രേയാൻ സ്വധർമ്മോ വിഗുണ:<br>
പരധർമ്മാത് സ്വനുഷ്ഠിതാത്<br>
സ്വധർമ്മേ നിധനം ശ്രേയ:<br>
പരധർമ്മോ ഭയാവഹ:<br>
(ഭഗവദ്ഗീത CH. III, കർമ്മയോഗ Sloka-35)

ഓരോയുഗങ്ങളിലും ഭഗവാന്റെ അവതാരോദ്ദേശ്യം നിറവേററുവാൻ നിയോഗിക്കപ്പെട്ട മഹാത്മാക്കളെ പുരാണങ്ങളിൽ നമുക്കു പരിചയമുണ്ടല്ലൊ. അവർ ഭഗവദ് തത്വങ്ങളനുസരിച്ച് ജീവിതം നിയിക്കുകയും, അവയെ പ്രചരിപ്പിക്കാനായി ശ്രമിക്കുകയും ചെയ്തതായി കാണാം. ഓട്ടൂർ നമ്പൂതിരിപ്പാടിന്റെ ‘നീലക്കല്ലു വില്ക്കും ജോലിക്കെന്നെ ദേശം തോറും ചുററിപ്പിക്കുമോ’ എന്നപാട്ടു കേൾക്കാത്തവർ വിരളമായിരിക്കും. ഭഗവാൻ ശ്രീകൃഷണനെ നീലക്കല്ലായി സങ്കല്ഷിച്ച്, അദ്ദേഹത്തിന്റെ തത്വങ്ങൾ പ്രചരിപ്പിച്ച് നടന്നിരുന്ന ഒരു ഭാഗവതോത്തമനായിരുന്നുവല്ലോ ഓട്ടൂർ. അങ്ങിനെ ഭാരതവർഷത്തിൽ എത്രയെത്ര മഹാത്മാക്കൾ ജന്മമെടുത്തിട്ടുണ്ട്!!

‘പരിത്രാണായ സാധൂനാം വിനാശായ ചദുഷ്ക്ക്യതാം<br>
ധർമ്മ സംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ’

ഒരോയുഗം തോറും ദുർജ്ജനങ്ങളെ സംഹരിക്കുവാനും സജ്ജനങ്ങളെ പരിരക്ഷിക്കുവാനുമായി ഭഗവാൻ അവതാരം എടുത്തതായികാണാം.

ത്രേതായുഗത്തിൽ ദശമുഖന്റെ ഉപദ്രവം സഹിക്കവയ്യാതെ മഹാവിഷ്ണുവിനെ സമീപിച്ച മുനിമാരോടു് ഭഗവാൻ മനുഷ്യാവതാരം സ്വീകരിച്ച് ദശമുഖന്റെ ദ്രോഹത്തിൽ നിന്ന് അവരെ രക്ഷിച്ചുകൊള്ളാമെന്ന് ഉറപ്പുകൊടുക്കുന്നുണ്ട്. അവതാരസമയത്ത് തന്റെ ലീലകളിൽ സഹായം ചെയ്യുവാനായി വാനവരോടും മുനിമാരോടും മററും ഭൂമിയിൽ ജനിക്കാനായി അദ്ദേഹം നിർദ്ദേശം കൊടുക്കുന്നുണ്ട്. അങ്ങനെ ഒട്ടനവധി പേർ അവതാരോദ്ദേശ്യം പൂർത്തിയാക്കാൻ ഭഗവാനെ സഹായിക്കാനായി ജന്മമെടുക്കുകയും ചെയ്തു. കൃഷ്ണാവതാര സമയത്തും ഇതു നമുക്കു കാണാൻ കഴിയും.

ദശവദനൻ തന്റെ അതികഠിനമായ തപസ്സിനാൽ ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി ഒട്ടേറെ വരങ്ങൾ സമ്പാദിച്ചു. വരബലത്താൽ അഹങ്കാരിയായിത്തീർന്ന രാവണൻ മനുഷ്യരൊഴികെ ആരാലും താൻ വധിക്കപ്പെടരുതെന്നവരവും സമ്പാദിച്ചിരുന്നു. ഉഗ്ര പ്രതാപിയും സാക്ഷാൽ പരമശിവന്റെ പ്രിയ ഭക്തനുമായ രാവണൻ മനുഷ്യരെ തീരെബലഹീനന്മാരായാണ് കണക്കാക്കിയിരുന്നത്. അങ്ങനെദേവന്മാരേയും, കിന്നരഗന്ധർവ്വന്മാരെയും എല്ലാം തന്റെ ബലം കൊണ്ടു ജയിച്ചു. ഋഷിമാരെ വളരെയധികം ഉപദ്രവിച്ചു. ഇതു സഹിക്കവയ്യാതെ അവരെല്ലാവരും കൂടി ഭക്തവത്സലനായ മഹാവിഷ്ണുവിനെ സമീപിച്ചു. ദുഷ്ടന്മാരെ വധിക്കാൻ ഒട്ടനവധി അവതാരങ്ങളെടുത്ത ഭഗവാന് ബ്രഹ്മാവിന്റെ വാക്കു സത്യമാക്കാൻ മനുഷ്യജന്മമെടുക്കേണ്ടിവന്നു.

മനുഷ്യനായി, ദശരഥപുത്രനായി ഭൂമിയിൽ മനുഷ്യരുടേത് പോലെ പല ദുഃഖങ്ങളും അനുഭവിക്കേണ്ടതായിവന്നു. പരമാത്മാവായ ഭഗവാന് ഇതൊന്നും തന്നെ ബാധിക്കില്ലെന്നറിയാമെങ്കിലും മററുള്ളവരെ ബോധിപ്പിക്കാനായി അഭിനയിക്കുകയായിരുന്നു. ഇതിലൊന്നായിരുന്നു സീതാഹരണം.

മഹാലക്ഷ്മിയായ സീതാദേവിയെ വഹ്നിദേവങ്കൽ ഏല്പിച്ച് മായാസീതയെയാണ് ചിത്രകൂടത്തിലെ ആശ്രമത്തിൽ താമസിപ്പിച്ചിരുന്നത്.

OM NAMO NARAYANAYA

അല്ലെങ്കിൽ രാവണന് സീതയെ സ്പർശിക്കാൻ പോലും സാധിക്കുമായിരുന്നില്ലാ. സീതാഹരണം നടന്നുവെന്നറിയുമ്പോൾ രാമൻ മനസ്സിൽ സന്തോഷിക്കുന്നുണ്ട് ‘ഇനി രാവണവധം സുഗമമായി’ എന്ന്.

സീതാദേവിയെ അന്വേഷിച്ച് അനുജനായ ലക്ഷ്മണനോടൊപ്പം വനത്തിൽ നടക്കുമ്പോഴാണ് കബന്ധനെ കണ്ടുമുട്ടുന്നത്. മഹാതപസ്വിയായ അഷ്ടാവക്രനെ അപഹസിച്ചതുമൂലം രാക്ഷസനായി ജനിക്കേണ്ടിവന്ന അവന് രാമസമ്പർക്കം മൂലം ശാപമോക്ഷം കിട്ടി. സന്തുഷ്ടനായ ആഗന്ധർവ്വനിൽ നിന്നാണ് മതംഗാശ്രമസമീപം ഭഗവൽ പാദാംഭോജ ഭക്തിയാൽ പവിത്രയായ തപസ്വിനി ശബരിയുടെ വൃത്താന്തം അറിയുന്നത്. ശബരിയിൽ നിന്നു കിട്ടുന്ന വിവരങ്ങളാൽ നിങ്ങൾക്ക് അവനീസുതയെ ലഭിക്കുമെന്ന് പറഞ്ഞാണ് ശാപമോചിതനായ ആഗന്ധർവ്വൻ മറഞ്ഞത്. സന്തുഷ്ടരായ രാമലക്ഷ്മണന്മാർ ഘോരമായ വനത്തിലൂടെ സഞ്ചരിച്ച് ശബര്യാശ്രമത്തിലെത്തി. അനേകനാളുകളായി ശ്രീരാമചന്ദ്രനെ പ്രതീക്ഷിച്ചിരുന്നിരുന്ന ശബരി പൊട്ടെന്ന് എഴുന്നേറ്റ് ഭഗവാനെ ഫലമൂലാദികളാൽ സല്ക്കരിച്ചു ഇപ്രകാരം പറഞ്ഞു “എന്റെ ഗുരുഭൂതന്മാർ നിന്നേയും പൂജിച്ച് അനേകായിരത്താണ്ട് ഇവിടെ കഴിഞ്ഞു. അന്നു ഞാൻ അവരെയും ശുശ്രൂഷിച്ചരുന്നതിൻ ഫലമായി അവർ ബ്രഹ്മപദം പൂകുന്നതിൻ മുമ്പ് എന്നോട് പറഞ്ഞു, ധന്യേ, നീ ഇവിടെത്തന്നെ വസിക്കുക. പന്നഗശായിയായ പുരുഷോത്തമൻ രാവണവധാർത്ഥം മന്നിൽ വന്നുപിറക്കും. നിർമ്മലനായ അവൻ സീതാദേവിയെ അന്വേഷിച്ച് ഇവിടെയെത്തുമ്പാൾ ഭഗവാനുമായുണ്ടായ സംഗമശേഷം. ദേഹത്യാഗം ചെയ്തുകൊള്ളുക.

ഗുരുഭാഷിതം സത്യമെന്നറിയാമായിരുന്ന ശബരി ഭഗവാന്റെ വരവും പ്രതീക്ഷിച്ച് ധ്യാനനിരതയായി കാത്തിരിക്കുകയായിരുന്നു. ഹീനജാതിയിൽ പിറന്ന അവൾ പക്ഷെ താപസന്മാർക്കു പോലും സാധിക്കാത്തതു സ്വന്തം ഭക്തിയാൽ നേടി ധന്യയായി. ഇപ്പോൾ ഭഗവാനെ മുന്നിൽ കണ്ട അവൾ എങ്ങനെ ഭജിക്കണമെന്നറിയാതെ ദയാനിധിയായ രാമനോട് തന്റെ അജ്ഞത തുറന്നു പറയുന്നു.

ഇതേപോലെ ഒരു രംഗം നമുക്ക് ധ്രുവന്റെ ജീവിതത്തിലും കാണാൻ കഴിയും. ആറുമാസത്തെ കഠിനതപസ്സിൻ ഫലമായി ഭഗവാൻ മുന്നിൽ സ്വയം പ്രത്യക്ഷപ്പെട്ടപ്പോൾ എങ്ങനെ സ്തുതിക്കണമെന്നറിയാതെ പരിഭ്രമിച്ചു. ഭഗവാൻ തന്റെ ശംഖുകൊണ്ട് വലത്തെ കവിളിൽ തലോടിയപ്പോൾ അനർഗ്ഗളം ഭഗവൽ സ്തുതികൾ പ്രവഹിച്ചു.

ശബരിയുടെ ആത്മാർത്ഥത നിറഞ്ഞവാക്കുകൾ കേട്ട രാഘവൻ അവളെ സമാധാനിപ്പിച്ചു പറഞ്ഞവാക്കുകൾ ശ്രദ്ധേയമാണ്. ‘മൂന്നുലോകങ്ങളിലും എന്നെ ഭജിക്കുവാനായി സ്ത്രീപുരുഷ ജാതി നാമങ്ങളൊന്നും തടസ്സമാകുന്നില്ല.

“ഭക്തിയൊഴിഞ്ഞു മറ്റില്ല കാരണമേതു.
മുക്തി വന്നീടുവാനില്ല മറ്റേതുമൊന്നും.

പ്രഹ്ലാദൻ പറഞ്ഞ അതേ നാവഭക്തിമാർഗ്ഗങ്ങൾ തന്നെയാണ് ഇവിടെയും ഉദ്ധരിക്കപ്പെടുന്നത്. ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം.


ഗോപികമാരുടെ പ്രേമഭക്തി ഒന്നുകൊണ്ടു മാത്രമാണ് അവർക്ക് ഭഗവാനെ നേടാനായത് ഭഗവാൻ ശബരിയുടെ ഭക്തിയിൽ പ്രസന്നനായി അവിടെ ഭാഗവതാഢ്യേ, ഭഗവൽപ്രിയേ, മുനിപ്രിയേ എന്നെല്ലാമാണ് സംബോധന ചെയ്യുന്നത്. ‘ഭക്തികൊണ്ട് എന്നെ പ്രസന്നനാക്കിയ നീ അടുത്തു തന്നെ മുക്തി പ്രാപിക്കുന്നതായിരിക്കും. എന്റെ പ്രിയ സീതാ മനോഹരിയുടെ വിവരം വെളിപ്പെടുത്തുക’.

ശ്രീരാമസ്വാമിയുടെ വാക്കുകൾ കേട്ട ശബരി ഭഗവാനോടു് പറഞ്ഞ മറുപടി ഭക്തിസാന്ദ്രമായിരുന്നു. സർവ്വവും അറിയുന്ന നിന്തിരുവടി സർവ്വജ്ഞനാണെങ്കിലും ലോകാനുസരണാർത്ഥം എന്നോടു ചോദിച്ചതുമൂലം സീതാദേവിയുടെ വൃത്താന്തമറിയിക്കാം. രാവണന്റെ ലങ്കാനഗരിയിൽ ദുഃഖിതയായി അങ്ങയുടെ വരവും പ്രതീക്ഷിച്ചിരിക്കുന്നുണ്ട്. പമ്പാസരസ്സിന്റെ സമീപത്തായി സ്ഥിതിചെയ്യുന്ന ഋശ്യമുകാചലത്തിൽ തന്റെ വിശ്വസ്തരായ നാലു മന്ത്രിമാരോടുകൂടി ബാലിയെ പേടിച്ചു കഴിയുന്ന സുഗ്രീവനോടു സഖ്യം ചെയ്താൽ സീതാദേവിയെ കണ്ടുകിട്ടാനുള്ള എല്ലാ പരിശ്രമങ്ങളും സഫലമാകും. ഇനി ഞാൻ ഭഗവൽ പാദപങ്കജത്തിൽ ചേരുവാൻ അർഹയായി എന്നു പറഞ്ഞ് ദേഹത്യാഗം ചെയ്യുന്നു. അങ്ങനെ ശ്രീരാമകാര്യർത്ഥം ഇത്രയുംകാലം താപസ ജീവിതം നയിച്ച ശബരി ശ്രീരാമദർശനം ലഭിച്ച് കൃതാർത്ഥയായി മുക്തിക്കർഹയായി.

ശുഭം

# ദർശനമാധുര്യം

**ക്ഷേത്ര സന്ദർശനത്തിലെ ആത്മാനുഭവങ്ങൾ.......**



ഡോ. സന്ധ്യ പ്രശാന്ത് വാര്യർ

മനുഷ്യന്റെ ആത്യന്തികമായ ലക്ഷ്യം സുഖവും സമാധാനവും നിറഞ്ഞ ജീവിതമാണ്. ഇത് കൈവരിക്കാൻ ഒരോരുത്തരും ആശ്രയിക്കുന്നതാകട്ടെ പലമാർഗ്ഗങ്ങളും. ആരാധനാലയങ്ങൾ എന്നും അവയിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നു. ക്ഷേത്രങ്ങൾ സനാതന ധർമ്മത്തിന്റെ ആത്മീയ- സാംസ്കാരിക-സാമൂഹിക കേന്ദ്രങ്ങളാണ്. അതിന്റെ തത്വശാസ്ത്രവും ആചാരങ്ങളും ക്ഷേത്രങ്ങളിലൂടെയാണ് നാം പ്രത്യക്ഷമായി കാണുന്നത്. ക്ഷേത്രം ദൈവത്തിന് രൂപം നൽകുന്ന ഇടം മാത്രമല്ല, അത് ആത്മാവിന്റെ ഉന്നമനത്തിനായുള്ള പാതയുമാണ്. ക്ഷേത്രത്തിലെ ആരാധന, ധ്യാനം, വ്രതങ്ങൾ തുടങ്ങിയവ ധാർമ്മികതയുടെ ആചരണമാണ്. ഇവ വ്യക്തിയുടെ മനസ്സും ജീവിതവും ശുദ്ധീകരിക്കുന്നു. ക്ഷേത്ര സന്ദർശനം എപ്പോഴും വിനയം, ആത്മപരിശോധന, സമർപ്പണം എന്നവയുടെ അനുഭവമായി മാറുന്നു. കുറച്ചു കാലങ്ങൾക്കു മുൻപ് നടത്തിയ ചില യാത്രകളുടെ അനുഭവങ്ങൾ താഴെ ചേർക്കുന്നു.



പല അവസരങ്ങളിലായി, പലരിൽ നിന്നും കേട്ടറിഞ്ഞ്, പോകണമെന്ന് ആഗ്രഹിച്ചിരുന്ന ക്ഷേത്രമാണ് പന്നിയൂർ ശ്രീ വരാഹമൂർത്തി ക്ഷേത്രം. ആഗ്രഹം തീവ്രമായതും ഒഴിവു കിട്ടിയതുമായ ഒരു ദിവസം യാത്ര പുറപ്പെട്ടു. പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിലെ പന്നിയൂർ എന്ന ഗ്രാമത്തിലെ അതിപുരാതനമായ ഒരു ക്ഷേത്രം. വരാഹമൂർത്തി ക്ഷേത്രങ്ങൾ അപൂർവങ്ങളായിരിയ്ക്കെ, ഒറ്റക്കല്ലിൽ തീർത്ത, ഭൂമിദേവി സമേതനായ വരാഹമൂർത്തി ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. 4000 വർഷങ്ങൾ പഴക്കമുള്ളതും, പരശുരാമനാൽ നിർമ്മിക്കപ്പെട്ടതും, പറയിപെറ്റ പന്തിരുകുലത്തിലെ പെരുന്തച്ചൻ അവസാനമായി പണികഴിച്ച ക്ഷേത്രവും ആണെന്നുള്ള ചില പ്രത്യേകതകളും ഈ ക്ഷേത്രത്തിനുണ്ട്. രാവിലെ 7 മണിയോടെ അവിടെ എത്തുകയും, വലിയ തിരക്കുകളൊന്നും ഇല്ലാതെ തന്നെ ദർശനം നടത്തുകയും ചെയ്തു. 7.20 മണി ആയപ്പോൾ നിവേദ്യത്തിന് നട അടച്ചു. ആ സമയം പുറത്തു പ്രദക്ഷിണം വെച്ച് തൊഴുതു നടന്നു. പഴമയുടെ പ്രൗഢി ഒട്ടും തന്നെ നഷ്ടപ്പെടാത്ത വിശാലമായ ക്ഷേത്രാങ്കണവും, വാസ്തുവിദ്യയും കണ്ണുകൾക്കും, മനസ്സിനും ഒരുപോലെ ആനന്ദം നൽകി. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാത്തരം ദോഷങ്ങൾക്കും പരിഹാരമായി 'ഭൂമിപൂജ' നടത്തുന്നത് ഇവിടത്തെ പ്രധാന വഴിപാട് ആണെന്ന് അവിടെ നിന്നും അറിയാൻ കഴിഞ്ഞു. സാമുതിരി രാജാ വകയാണ് ഈ ക്ഷേത്രം പ്രധാന പ്രതിഷ്ഠക്ക് പുറമെ ഗണപതി, ശിവൻ, അയ്യപ്പൻ, ഭഗവതി, സുബ്രഹ്മണ്യൻ, ലക്ഷമീനാരായണൻ തുടങ്ങിയ ഉപദേവതകളും ഉണ്ട്. ക്ഷേത്ര പുനരുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഏകദേശം 1 മണിക്കൂർ ദർശനമെല്ലാം കഴിഞ്ഞ് 8 മണിയോടെ അവിടെ നിന്നും പുറപ്പെട്ടു.

പിന്നീടുള്ള യാത്ര പന്നിയൂരിൽ നിന്നും 13 km ദൂരെ ഉള്ള ഒരു ഗുഹാക്ഷേത്രത്തിലേക്കായിരുന്നു. ഗുഹാക്ഷേത്രങ്ങൾ വളരെ വിരളമായതുകൊണ്ടുതന്നെ ആ യാത്ര വളരെ ആവേശഭരിതമായിരുന്നു. പന്നിയൂരിലേക്കുള്ള യാത്ര ആസൂത്രണം ചെയ്യുന്ന സമയത്ത് യാദൃശ്ചികമായി സാമൂഹിക മാധ്യമത്തിൽ കാണാൻ ഇടയായ ഒരു ദൃശ്യം ആണ് ഈ ക്ഷേത്രത്തിലേക്കുള്ള യാത്രക്ക് പ്രേരണ നൽകിയത്. അതിന്റെ പശ്ചാത്തലത്തിൽ 'കൈത്രിക്കോവിൽ' ശിവക്ഷേത്രത്തിലേക്ക് യാത്ര തിരിച്ചു. കുറ്റിപ്പുറം തിരുനാവായ മാർഗ്ഗത്തിൽ ചെമ്പിക്കൽ എന്ന സ്ഥലത്തു നിന്ന് തിരിഞ്ഞ് പാഴർ-നടുവട്ടം-കൊളത്തോൾ വഴി കൈത്രിക്കോവിൽ എത്തി. ഏകദേശം 7സാ ദൂരമാണ് കുറ്റിപ്പുറത്തു നിന്നും ഉള്ളത് 8.30 മണിയോടെ അവിടെ എത്തി, ക്ഷേത്രത്തിന്റെ കവാടത്തിനു സമീപമായി ഒരു കുളം കാണാൻ കഴിഞ്ഞു. ക്ഷേത്രത്തിലേക്കുള്ള വഴി നിമ്നോന്നതസമ്മിശ്രമായിരുന്നു. ക്ഷേത്രത്തിന് പുറത്തായി ഒരു വലയ ബലിക്കല്ലും ചെറിയ ബലിക്കല്ലും കാണാം. രസീത് എഴുതുന്ന ആളല്ലാതെ മറ്റാരെയും അകത്ത് കാണാൻ കഴിഞ്ഞില്ല. നട തുറന്നു കാണാത്തതിന്റെ കാരണം ആരാഞ്ഞപ്പോൾ, "ശാന്തിക്കാരൻ എത്തുന്നതേ ഉള്ളു എന്നും അതിനാൽ വിളക്ക് വയ്ച്ചിട്ടില്ലെന്നും" അദ്ദേഹം മറുപടി നൽകി. പ്രധാന ദേവനായ ശിവന് അഭിമുഖമായി മണ്ഡപത്തിൽ നന്ദികേശനും ഉണ്ട്. ശിവന്റെ ഇടതുഭാഗത്ത് സുബ്രഹ്മണ്യനും, വിഷ്ണുവും, മതിലിനു പുറത്ത് ശാസ്താവും, പാറയുടെ മുകളിലായി ഭഗവതിയും ആണ് പ്രതിഷ്ഠകൾ. എല്ലാത്തിനും ഒരു പഴമയുടെ സൗന്ദര്യം അനുഭവപ്പെട്ടു. ഒൻപത് മണിയോടുകൂടി ശാന്തിക്കാരൻ വന്നു വിളക്ക് വയ്ച്ചു. എല്ലാ ദിവസവും രാവിലെ മാത്രമേ ഇവിടെ പൂജ ഉള്ളു (രാവിലെ 8.30 മണി മുതൽ ഒരു 10-10.30 മണി വരെ) വിശേഷദിവസങ്ങളായ ശിവരാത്രി, ധനുമാസത്തിലെ തിരുവാതിര എന്നീ ദിവസങ്ങളിൽ വിശേഷാൽ പൂജകളും, രണ്ടു നേരം നിത്യപൂജയും ഉണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഏകദേശം 5000 വർഷങ്ങൾ പഴക്കമുള്ള ഈ ക്ഷേത്രം, പണ്ട് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ അധീനതയിലായിരുന്നുവത്രെ. പിന്നീട് ക്ഷയിച്ചു പോവുകയും,

സമീപഭൂതകാലത്ത് നാട്ടുകാർ ചേർന്ന് പുനരുദ്ധരിക്കുകയും ചെയ്തു. ഇപ്പോൾ ആ സുമനസ്സുകളുടെ കൂട്ടായ്മയിൽ നിത്യപൂജ നടന്നു വരുന്നു. അഭീഷ്ട സിദ്ധിക്ക് ഇവിടെ പ്രത്യേക ഫലപ്രാപ്തി ഉണ്ടെന്ന്, ഭക്തർക്ക് അനുഭവം ഉള്ളതായി അറിയാൻ കഴിഞ്ഞു. സമീപവാസികൾ അല്ലാതെ അധികം ആളുകൾ ഇവിടെ ദർശനത്തിനായി വരുന്നില്ലത്രെ. വളരെ ശാന്തസുന്ദരമായ ഒരു അന്തരീക്ഷമാണ് പുറത്തും അകത്തും. അകത്തു ഒരു തീർത്ഥകുളവും, പുറത്ത് ചെറിയ ഒരു അമ്പലക്കുളവും കാണാം, ഏകദേശം മുക്കാൽ മണിക്കൂർ ചിലവഴിച്ച്, വഴിപാടുകൾ എല്ലാം കഴിച്ച് ഞങ്ങൾ അവിടെ നിന്നും തിരിച്ചു പുറപ്പെട്ടു.
പഴമ ഇഷ്ടപ്പെടുന്നവർക്കും, തിരക്ക് കുറഞ്ഞ ശാന്തമായ അന്തരീക്ഷം അഗ്രഹിക്കുന്നവർക്കും, ക്ഷേത്രദർശനത്തിന് തിരഞ്ഞെടുക്കാവുന്ന അമ്പലങ്ങളാണ് ഇവ രണ്ടും.

മലപ്പുറം ജില്ലക്കാർക്ക് വളരെ സുപരിചിതമായ ഒരു ക്ഷേത്രമാണ് ചന്ദനക്കാവ്. ഈ അമ്പലത്തെ കുറിച്ച് അനവധി–നിരവധി കേട്ടു കേൾവികൾ ഉണ്ടായിട്ടും, നീണ്ട എട്ടുവർഷങ്ങൾക്കു ശേഷമാണ് ദർശനം സാധ്യമായത്. പുത്തനത്താണി–തിരുനാവായ വഴിയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രാവിലെ 9 മണിയോടുകൂടി അമ്പലത്തിൽ എത്തിയ ഞങ്ങളെ, അതിഗംഭീരമായ ഒരു മഴയാണ് സ്വാഗതം ചെയ്തത്. മുൻപ് പലരും പറഞ്ഞിരുന്നതുപോലെ തന്നെ മഴ പെയ്യുമ്പോൾ ഇവിടം അങ്ങേയറ്റം മനോഹരമാണ്. പ്രധാന പ്രതിഷ്ഠയായ ഭഗവതിയും പതിനെട്ടോളം വരുന്ന ഉപദേവന്മാരും ഉണ്ടിവിടെ. ഉപദേവന്മാരായ അയ്യപ്പൻ, വള്ളിക്കാവിലമ്മ, സരസ്വതി, ഗണപതി, ത്രിമൂർത്തികൾ, സുബ്രഹ്മണ്യൻ, വേട്ടക്കാരൻ, മഹാവിഷ്ണു തുടങ്ങി എല്ലാ ദേവതകളെയും ആദ്യം തൊഴുതു. വിഷ്ണു ക്ഷേത്രത്തിനടുത്തുള്ള അമ്പലക്കുളവും ആലും ഇടതൂർന്നു നിൽക്കുന്ന മരങ്ങളും വള്ളികളും ചീവീടുകളുടെ ശബ്ദവും ഒപ്പം മഴയും എല്ലാം കൂടി മനസ്സിനെ തണുപ്പിച്ചു..... ഓരോ ഇടങ്ങളിലും അതാത് വഴിപാടുൾ നടത്തി, തിരിച്ചു വന്ന് ദേവിയുടെ നടയിലും, തൊട്ടടുത്തുള്ള ഈറ്റില്ലത്തമ്മയുടെ നടയിലും തൊഴുതു പ്രസാദമൊക്കെ വാങ്ങി അവിടെ നിന്നും യാത്ര തിരിച്ചു.



കേട്ട് പരിചയിച്ച സാക്ഷാൽ ആലത്തിയൂർ ശ്രീഹനുമാന്റെ തിരുസന്നിധിയിലേക്ക്......ചന്ദനക്കാവ് തൊഴുതതിനു ശേഷം 10.40 ന് ആലത്തിയൂർ ഹനുമാൻകാവിലേക്ക് പുറപ്പെട്ടു. 11.05 ആയപ്പോൾ ഹനുമാൻ കാവിലെത്തി. ഏറെക്കുറെ അമ്പലം അടക്കുന്ന സമയമായതിനാൽ അകത്ത് കയറാൻ കഴിയുമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടിരുന്നു. പുറത്തു നിന്ന് നോക്കുമ്പോൾ അകത്തേക്കുള്ള വാതിൽ ചാരിയിട്ടുണ്ട്. പ്രതീക്ഷിച്ചത് പോലെതന്നെ അമ്പലം അടച്ചു. ഇനിയിപ്പോൾ പുറത്തു നിന്ന് തൊഴാം എന്നു വിചാരിച്ചു നിൽക്കുമ്പോൾ ഒരാൾ വന്നു പറഞ്ഞു "വേഗം കയറി തൊഴുതോളു അടയ്ക്കുന്നതേ ഉള്ളു, വഴിപാടൊക്കെ തൊഴുതു വന്നത്തിനു ശേഷം കഴിച്ചാൽ മതി"യെന്ന്. ഭാഗ്യം കൂടെയുണ്ടെന്നു തോന്നിപ്പോയ നിമിഷം......അകത്തുകയറി ഭംഗിയായി തൊഴുത് പുഷ്പാഞ്ജലി കഴിച്ച്, പ്രസാദവും സ്വീകരിച്ച് പുറത്തു വന്നു. നിമിത്തമെന്നോ, യോഗമെന്നോ അങ്ങനെ എന്തൊക്കെയോ മനസ്സിൽ തോന്നി. പുറത്തിറങ്ങി ക്ഷേത്രത്തിനോടു ചേർന്നുള്ള പുജാ സ്റ്റോറിൽ നിന്നും കുറച്ചു പുസ്തകങ്ങളും ഫോട്ടോയും, കൂട്ടിൾക്കുള്ള ചില സാധനങ്ങളും വാങ്ങി. അതിനിടയിൽ കടയുടെ ഉടമസ്ഥൻ ഞങ്ങളുടെ പേര് സ്ഥലം എന്നീ വിവരങ്ങൾ തിരിക്കി. അവിടത്തെ ഐതിഹ്യവും, ഹനൂമാന്റെ പ്രതിഷ്ഠയുടെ ശക്തിയെപ്പറ്റി അദ്ദേഹത്തിന്റെ തന്നെ ചില അനുഭവങ്ങളും വിശദീകരിക്കുകയും ചെയ്തു. അതെല്ലാം കേട്ട്, അഗ്രഹിച്ച പോലെ തന്നെ ദർശനം നടത്താൻ സാധിച്ചതിന്റെ ചാരിതാർഥ്യത്തിൽ അവിടെ നിന്നും മടങ്ങി. ചില വിശ്വാസങ്ങൾ പലപ്പോഴും നമ്മൾക്ക് ആശ്വാസദായകങ്ങൾ തന്നെ ആണ്.

ക്ഷേത്രയാത്ര ഒരാൾക്ക് ആത്മാവിനെ ശുദ്ധീകരിക്കാനും ദൈവസാന്നിധ്യം അനുഭവിക്കാനും അവസരം നൽകുന്നു. ക്ഷേത്രപരിസരത്തെ ശാന്തമായ അന്തരീക്ഷം, തിരക്കുപിടിച്ച ജീവിതത്തിൽ നിന്ന് ഒഴിഞ്ഞ് ആന്തരിക സമാധാനം കണ്ടെത്താൻ സഹായിക്കുന്ന ഒന്നാണ്. ഒപ്പം തന്നെ നമ്മുടെ പാരമ്പര്യബോധവും വളർത്തുന്നു. ഇതിനെല്ലാം പുറമേ, നഗ്നപാദരായി ഭൂമിയിൽ സ്പർശിച്ച് നടക്കുക വഴി ശാരീരികമായി ആരോഗ്യനില മെച്ചപ്പെടുകയും, പ്രകൃതിയോട് ചെർന്നിരിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യുന്നു.

യാത്രകളിലേക്ക് നമ്മെ നയിക്കുന്നതും, ആ യാത്രകൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നതും ചില ചിന്തകൾ അഥവാ മനോവികാരങ്ങൾ അഥവാ ചില ഉൾവിളികൾ ആണ്. ഓരോ യാത്രയും ഓരോ അനുഭവങ്ങളാണ്. അനുഭവങ്ങളാണ്. ജീവിതത്തെ സ്വാധീനിക്കുന്നതും . നമ്മുടെ അനുഭവങ്ങൾ പലപ്പോഴും മറ്റുള്ളവർക്ക് ഒരു നല്ല പ്രചോദനമോ, പ്രേരണയോ ആയി മാറട്ടെ എന്ന് പ്രത്യാശിക്കാം.........

# തൃത്താല മഹാശിവക്ഷേത്രം

സുദർശൻ കുറ്റിപ്പുറം

പാലക്കാട് ജില്ല, ഒറ്റപ്പാലം താലൂക്കിൽ തൃത്താല എന്ന സ്ഥലത്ത് പേരാറ്റിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു ക്ഷേത്രമാണ് തൃത്താല ശിവ ക്ഷേത്രം. പരശുരാമൻ സൃഷ്ടിച്ച 108 ശിവാലയങ്ങളിൽപ്പെട്ട ഒന്നാണിത്.

പുരാതനകാലം മുതൽക്കു തന്നെ പാർത്ഥിവ ശിവലിംഗം (മണ്ണ്/മണൽ കൊണ്ട് നിർമ്മിച്ച ശിവ ലിംഗം)
ശിവാരാധനയ്ക്കായി ധാരാളം ഉപയോഗിച്ചു വരുന്നുണ്ട്. എന്നാൽ അത് മണൽ ആയതിനാൽ ഹ്രസ്വകാലം മാത്രമേ ഇതിന് നില നില്പുള്ളു. പരമശിവന്റെ എട്ട് കോസ്മിക് ശരീരങ്ങളിൽ ഏറ്റവും മികച്ച രൂപമാണ് പാർത്ഥിവ ശിവലിംഗമെന്ന് പറയപ്പെടുന്നു. എന്നാൽ മണൽ കൊണ്ടുള്ള ബിംബം തന്നെ നൂറ്റാണ്ടുകളായി ആരാധിച്ചുവരുന്ന ഒരു ക്ഷേത്രമാണ് തൃത്താല ശിവക്ഷേത്രം. അതിന്റെ കഥയിങ്ങനെയാണ്.


വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിലൊരാളായ വരരുചിക്ക് പറയിയായ പഞ്ചമിയിലൂണ്ടായ പന്ത്രണ്ട് മക്കളിൽ പ്രഥമസന്തതി മേഴത്തോൾ അഗ്നിഹോത്രി വളർന്നത് ഒരു ബ്രാഹ്മണ ഇല്ലത്താണ്. കടമ്പൂർ മനയിൽ അഗ്നിഹോത്രിയുടെ കുട്ടിക്കാലത്ത് ഒരു ദിനം വളർത്തമ്മയോടൊത്ത് അഗ്നിഹോത്രി നിളാനദിയിൽ (പേരാർ/ഭാരതപ്പുഴ) കുളിക്കാൻ പോയി. കുളി കഴിഞ്ഞ ഉണ്ണി മണ്ണിലിരുന്ന് അമ്മ വെച്ച ഓട്ടു താലത്തിൽ മണ്ണ് വാരിയിട്ട് കളിച്ചു തുടങ്ങി. കൂട്ടിവെച്ച മണൽ ഒരു ശിവലിംഗത്തിന്റെ ആകൃതിയിലായി. കുളി കഴിഞ്ഞ് മണ്ണിൽ (മണൽ) ഉണ്ണി കളിക്കുന്നത് കണ്ടപ്പോൾ, കുളി കഴിഞ്ഞ് കരയ്ക്കു കയറിയ അമ്മ മകനെ ശാസിച്ചു.

“മതി മകനെ കളിച്ചത്. നീയാതാലമിങ്ങ് താ” എന്നു പറഞ്ഞ് ആ അമ്മ താലത്തിൽ പിടിച്ചു വലിച്ചു. വലിയുടെ ശക്തിയിൽ താലം അല്പം വടക്കോട്ട് ചരിഞ്ഞു. പിന്നെയതവിടെ ഉറച്ചു പോയി. എത്ര ശ്രമിച്ചിട്ടും താലമനങ്ങിയില്ല.

വേണ്ടമ്മേ.... ശ്രമിക്കേണ്ട ഇത് നോക്കൂ ഞാനുണ്ടാക്കിയത് സാക്ഷാൽ ശിവനാണ്. കുഞ്ഞ് അങ്ങനെ പറഞ്ഞപ്പോൾ അവർക്ക് സംശയമായി. അവരുടനെ ദാസിയെവിട്ട് സിദ്ധനായ ഭർത്താവിനെ വിളിച്ചു വരുത്തി. ജ്ഞാനദൃഷ്ടിയിൽ അദ്ദേഹം പാർത്ഥിവ രൂപത്തിൽ ശൈവചൈതന്യം കണ്ടു. ഉടനെ അദ്ദേഹം കൈയിലുണ്ടായിരുന്ന ശർക്കര പ്രഥമനിവേദ്യമായി ഒരു പൂജ ചെയ്തു. മഴക്കാലമായാൽ വിഗ്രഹം പുഴയിലാകും എന്ന് അപ്പോഴാണ് നമ്പൂതിരിപ്പാട് മനസ്സിലാക്കിയത്. അപ്പോൾ പാർത്ഥിവലിംഗം വെള്ളത്തിൽ നശിക്കും അതു പാടില്ല. അദ്ദേഹം കുറച്ചകലെ കിഴക്കു മാറി ഒരു കുറ്റി തറച്ചു എന്നിട്ട് ഭാരതപ്പുഴയോട് അതുവഴി മാറി ഒഴുകാൻ ആജ്ഞാപിച്ചു.

നമ്പൂതിരിപ്പാടിന്റെ സിദ്ധികളും ശിവചൈതന്യ പ്രസരണവും ഒത്തു ചേർന്നപ്പോൾ നദിക്കനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അന്ന് തൊട്ട് ഭരതപ്പുഴ ഗതിമാറി ഒഴുകിയെന്നാണ് ഐതിഹ്യം. തൃത്താലയ്ക്ക് സമീപം വരണ്ട കുറ്റിക്കടവ് (ഇപ്പോൾ വി. കെ. കടവ്) മുതൽ ഭാരതപ്പുഴയ്ക്ക് അരിവാൾ പോലെ ഒരു വളവുണ്ട്. ക്ഷേത്രത്തിനടുത്ത പറമ്പുകളിൽ കുഴിച്ചാൽ ഇന്നും പുഴയുടെ അവശിഷ്ടങ്ങൾ കാണാം. മേഴത്തോൾ അഗ്നിഹോത്രി തന്നെയാണ് ക്ഷേത്രം നിർമ്മിച്ചത്. തിരുതാലത്തിൽ പ്രതിഷ്ഠിച്ചതിനാൽ തൃത്താലയപ്പൻ എന്ന് പേരുണ്ടായി സ്ഥലം തൃത്താലയെന്ന് പ്രസിദ്ധമായി.

പതിവിന് വിരുദ്ധമായി ദർശനം വടക്ക് കിഴക്കോട്ടാണ് പോറ്റമ്മ താലം വലിച്ചപ്പോൾ കുറച്ച് വടക്കോട്ട് നീങ്ങിയിരുന്നല്ലൊ. അതുകൊണ്ടാണ് ദർശനം മാറിയത് 22 (22 ഡിഗ്രി) വടക്കോട്ട് തിരിഞ്ഞ് ക്ഷേത്രം സ്ഥിതിചെയ്യുന്നു. തൃത്താലയപ്പന് ജലാഭിഷേകം മാത്രമേ പതിവുള്ളു. തൈലാഭിഷേകം പതിവില്ല, എണ്ണ ആടിയാൽ ശുദ്ധി വരുത്താൻ ഇഞ്ച, വാക തുടങ്ങിയവ ഉപയോഗിച്ചാൽ



മണൽത്തരികൾ നഷ്ടമാകുമല്ലോ. മേഴത്തോൾ അഗ്നിഹോത്രിയിൽനിന്ന് മാത്രമല്ല ക്ഷേത്രചരിത്രം തുടങ്ങുന്നത്. പരശുരാമൻ പ്രതിഷ്ഠിച്ച 108 ശിവാലയങ്ങളിലൊന്നാണ് തൃത്താലയും. പിന്നീടുണ്ടായ ഒരു പ്രളയത്തിൽ ക്ഷേത്രോപാധികൾ നശിച്ചു പോയത്രെ. അപ്പോഴും ഭഗവത് സാന്നിദ്ധ്യം–നിത്യമായി നിലകൊണ്ടു. മേഴത്തോൾ അഗ്നിഹോത്രിയുടെ കുഞ്ഞുകരങ്ങൾ തീർത്ത ശിവലിംഗത്തിൽ ആ ശിവചൈതന്യം തന്നെയാകണം ലയിച്ച് ചേർന്നത്. ആ ശിവലിംഗം തന്നെ ഇന്നും ആരാധിച്ചുവരുന്നു. മണൽ കൂട്ടി വെച്ചതുപോലെ തന്നെയാണ് ആ ശിവലിംഗമെന്ന് നേരിൽ ദർശിച്ചവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശിവചൈതന്യ പ്രഭാവത്താൽ മണൽ ഉറച്ച് തന്നെയിരിക്കുന്നു. മേഴത്തോൾ അഗ്നിഹോത്രിയുമായി ബന്ധപ്പെട്ട പുണ്യകേന്ദ്രങ്ങളിൽ എന്തുകൊണ്ടും മികച്ചുനില്ക്കുന്നത് തൃത്താല ശിവ ക്ഷേത്രമാണ് അതിനാൽത്തന്നെ ആ പുണ്യശ്ലോകന സ്മാരകങ്ങൾ വേറെ വേണ്ട. വേണ്ടത്ര പരിഗണന നാം അഗ്നിഹോത്രിക്ക് നല്കിയിട്ടുമില്ല. അദ്ദേഹം 99 യാഗങ്ങൾ നടത്തി മറ്റൊരു മഹാൻ മഹാ ബലിയാണ്. ഇവിടെ ഒരു മഹത്വവ്യത്യാസമുണ്ട്. മഹാബലി യാഗങ്ങൾ ചെയ്യിക്കുകയായിരുന്നു ചെയ്തത്, എന്നാൽ അഗ്നിഹോത്രി സ്വയം യാഗം ചെയ്യുകയായിരുന്നു.

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ തൃത്താല ദേശത്ത് ക്ഷേത്രം സ്ഥിതി ചെയ്യുന്നു. പ്രധാന ദേവൻ ശിവൻതന്നെ തൃത്താല ക്ഷേത്രത്തിൽ തുല്യപ്രാധാന്യത്തോടെ ആരാധിച്ചു വരുന്ന വിഷ്ണുക്ഷേത്രവുമുണ്ട്. സരസ്വതി, ഗോശാലകൃഷ്ണൻ, നാഗങ്ങൾ, ഗണപതി എന്നിവർ ഉപദേവന്മാരാണ്. കൊടിക്കുന്ന് ഭവതിയുടെ സാന്നിദ്ധ്യവും ക്ഷേത്രത്തിലുണ്ട്.

രണ്ട് നിലകളുള്ള കവാടം കടന്നു ചെന്നാൽ വിസ്തൃതമായ ക്ഷേത്രപ്പറമ്പ്. അവിടെ ചുറ്റമ്പലത്തോടുകൂടിയുള്ള തൃത്താലയപ്പന്റെ ക്ഷേത്രം. വലിയ ബലിക്കല്ല്, ധ്വജപ്രതിഷ്ഠയില്ല പുറത്ത് നന്ദികേശ്വരൻ നില്ക്കുന്ന രൂപത്തിൽ കാണാം. അകത്ത് നമസ്കാര മണ്ഡപത്തിൽ നന്ദികേശ്വരനില്ല. ചുറ്റമ്പലത്തിൽ മുൻവശത്ത് വിസ്തൃതമായ ഹാൾ കാണാം. ചതുരശ്രീകോവിൽ. നമസ്കാരമണ്ഡപത്തിന് പ്രൗഢിയേറും ഉയരമുള്ള ദ്വാരപാലകർ. സാമാന്യത്തിലേറെ വലിപ്പമുള്ള ശ്രീകോവിലിന് രണ്ടു നിലകളുണ്ട്.

ഗർഭഗൃഹത്തിൽ ചതുരശ്ര പീഠത്തിൽ അറ നിറഞ്ഞു നിൽക്കുന്ന നാലടിയോളം ഉയരം വരുന്ന ശിവലിംഗ പ്രതിഷ്ഠ. ശിവലിംഗം ആയി രൂപംകൊണ്ട മണൽത്തരികൾക്ക് കറുപ്പും ഇളം ചുവപ്പ് വർണ്ണവുമാണ്. ഗർഭ ഗൃഹത്തിന് ചുറ്റിലും ഇടനാഴിക, ചുമർചിത്രങ്ങൾ ഇല്ല, ചിത്ര മാതൃകകൾ കാണാം. ശ്രീകോവിലിന്റെ വടക്കുവശത്ത് ഗണപതി പ്രതിഷ്ഠ. ദക്ഷിണാമൂർത്തിക്ക് സങ്കല്പ പൂജയുണ്ട്. ശ്രീകോവിലിനു പിറകിൽ പാർവതിയെ ധ്യാനിക്കാം ശ്രീകോവിൽ മച്ചിന് താഴെ പക്ഷിമാലയും ഭൂതമാലയും. ചുറ്റിലും ആയ ഗജരൂപങ്ങൾ ഓരോ വശത്തും എട്ടു വീതം. വലതുവശത്ത്

# കോടി അർച്ചന

എ. വി. രാജൻ നമ്പ്യാർ



സൃഷ്ടിസ്ഥിതിലയ കാരണഭൂതനാം
മയൂർ വിഹാറിൽ വാഴുന്ന ദേവനാം
കോടാനുകോടി ജനങ്ങൾക്കു പുണ്യമായ്
കോടിപൂജയ്ക്കൊരുക്കമായി മന്ദിരം

ഉത്തര ഗുരുവായൂരമ്പല നടയിലായ്
പണ്ഡിതശ്രേഷ്ഠരും പൂജാരിമാരും
വേദമന്ത്രണങ്ങളുരുവിട്ടു മണ്ഡപം
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

മണ്ഡപം ശോഭിതം അലങ്കാരവൽകൃതം
കോടി ദീപങ്ങളാൽ ശോഭിതം മന്ദിരം
കോടി സൂര്യപ്രഭ പൂജിതം മന്ദിരം
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

ജപമാലയും പുഷ്പമാലയും ചേരുന്ന
ജഗദംബയും ജഗദീശ്വരനും ചേരുന്ന
ഭക്തിയാൽ തൊഴുതു വലംവെക്കുവാനായ്
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

സർവ്വസമ്പത് സമൃദ്ധിയേകുവാനായ്
സർവ്വപാപങ്ങളകറ്റുവാനായിടും
സർവലോകർക്കും സന്മനസ്സേകുവാൻ
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

ആപത്തു മാറ്റുവാൻ സങ്കടം മാറ്റുവാൻ
സാഫല്യമേകുവാൻ സ്വചിന്തയേകുവാൻ
സുസ്ഥിര ജീവിതമേകുവാൻ ഭക്തർക്ക്
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

വിഘ്നങ്ങളെ നീക്കി രോഗമകറ്റുവാൻ
സന്മാർഗ ചിന്തകൾ ചിത്തത്തിലേകുവാൻ
ശക്തിയാർജ്ജിക്കുവാൻ
ഭക്തിയാർജ്ജിക്കുവാൻ
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

ഐശ്വര്യമേറുവാൻ സന്താപമകലുവാൻ
ജീവിതം സംഗീതലയതാളമാകുവാൻ
ഭക്തിയും ശുദ്ധിയും ജീവാംശമാകുവാൻ
കോടിപൂജയ്ക്കൊരുക്കമായ് മന്ദിരം

പടിഞ്ഞാറ് ദർശനമായി സരസ്വതി. കണ്ണാടി സരസ്വതിയുടെ ഇടതു ഭാഗത്ത് കൊടിക്കുന്ന് ഭഗവതിക്ക് നിത്യ സാന്നിദ്ധ്യം. പിറകിലായി കുറച്ച് അകലെ ഒരു ആൽമരം. ഒരു വശത്ത് ശാസ്താവിനുള്ള രണ്ടു പ്രതിഷ്ഠകൾ ഉണ്ട് , ഒന്ന് പൂർണ്ണ പുഷ്കല സമേതനായിട്ടുള്ളത്; അടുത്തകാലത്ത് പ്രതിഷ്ഠിച്ചതാണ് മറ്റൊന്ന്. പൂർവ്വകാലത്ത് ആചരിച്ചു പോകുന്ന ഏക ശിലാബിംബം. ഇതൊരിക്കൽ വൃക്ഷ വേരുകളിൽ മറഞ്ഞു പോവുകയും പിന്നീട് പ്രത്യക്ഷപ്പെടുകയും ചെയ്തതാണ്. രണ്ടിടത്തും പുജ പതിവുണ്ട് കൂടാതെ നാഗസാന്നിധ്യങ്ങളായി മൂന്ന് പ്രതിഷ്ഠകൾ വേറെയുണ്ട്. പ്രദക്ഷിണ വഴി മുന്നോട്ടു ചെന്നാൽ ഗോശാല കൃഷ്ണന്റെ ക്ഷേത്രം. ചെറിയ ശ്രീകോവിൽ ഇരു കൈകൾ കയ്യിൽ ചുറ്റി മുന്നോട്ടു ചെന്നാൽ മഹാവിഷ്ണുവിന്റെ ക്ഷേത്രം ചെറുതായിട്ട് തോന്നും. ഈ മഹിവിഷ്ണു ആയിരുന്നു നേരത്തെ ഇവിടെ ഉണ്ടായിരുന്നത്. മതിൽക്കകത്ത് ഒരിക്കലും വറ്റാത്ത മണിക്കിണറുണ്ട്. പുറത്തെ കിണറ്റിലെ വെള്ളം വറ്റിയപ്പോഴും മണിക്കിണർ വറ്റിയില്ല. ക്ഷേത്രത്തിൽ അല്പം അകലെ അഗ്രശാല. ഇവിടെ ഹാളിൽ കൊടിക്കുന്ന് ഭഗവതിക്ക് കളംപാട്ട് നടത്തിവരുന്നു. അനുബന്ധമായി ഊട്ടുപുര. ക്ഷേത്രാങ്കണത്തിൽ തെക്ക് കിഴക്ക് ഭാഗത്ത് നിലവറയുള്ള ഒരു കെട്ടിടമുണ്ട്. അതിനരികെ കൂവളത്തറ കാണാം. കുറ്റം തെളിയിക്കുന്നതിന്റെ ഭാഗമായി ദേവന്റെ മുന്നിൽ സത്യം ചെയ്യിക്കുക എന്ന പതിവുണ്ടല്ലോ. ഒരിക്കൽ രാജാവിന്റെ കാര്യസ്ഥന് ഇവിടെ സത്യം ചെയ്യേണ്ട സന്ദർഭം ഉണ്ടായി. അതൊരു കള്ള സത്യമായിരുന്നു കാര്യസ്ഥനോ പരമ ശിവഭക്തൻ ആയിരുന്നു. എന്നതിനാൽ അയാളെ കൈവിടാൻ ഭഗവാനായില്ല. അവിടെ ഒരു അശരീരി ഉണ്ടായി നാളെ എനിക്കുള്ള പൂജ കൂവളത്തറയിൽ മതി. കാര്യസ്ഥൻ അമ്പല നടയിൽ സത്യം ചെയ്യുമ്പോൾ ഭഗവാൻ കൂവളത്തറയിലേക്ക് മാറിയിരുന്നത്രേ. ഇപ്പോഴും ഭഗവാന്റെ സാന്നിദ്ധ്യം കൂവളത്തറയിൽ ഉണ്ടെന്നു വിശ്വസിക്കുന്നു. ക്ഷേത്രാങ്കണത്തിനു പുറത്ത് ക്ഷേത്രക്കുളം നല്ല രീതിയിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ക്ഷേത്രം നദീതീരത്ത് ആയതിനാൽ ആയിരിക്കണം മറ്റു കുളങ്ങൾ ഇല്ലാതെ പോയത്. ക്ഷേത്രത്തിൽ നിന്നും ഒന്നര കിലോമീറ്റർ പടിഞ്ഞാറ് അഗ്നിഹോത്രി വളർന്ന കടമ്പൂരില്ലം കാണാം. അവിടെ യജ്ഞേശ്വരം ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഇവിടെയാണ് അഗ്നിഹോത്രി 99 യാഗങ്ങൾ നടത്തിയത്. ഇവിടെ ഒരു വിഷ്ണുക്ഷേത്രവും ശിവക്ഷേത്രവും ഉണ്ട്. ഇവിടെ ഉണ്ണിയാൽ എന്ന ഒരു ആൽമരം ഉണ്ട്. ഇതിലായിരുന്നു അഗ്നിഹോത്രിയുടെ നൂറാമത്തെ യാഗം മുടക്കാൻ ദേവന്ദ്രൻ പക്ഷി രൂപത്തിൽ അവതരിച്ചത്. കാലാന്തരത്തിൽ ആൽമരം ഉണങ്ങിപ്പോയി ഇപ്പോഴുള്ളത് പിന്നീട് തളിർത്തു വന്നതാണ്. ക്ഷേത്ര ബന്ധമുള്ളതായി വാദ്യ കലാകാരന്മാർ പലരുമുണ്ട്. തായമ്പക പല ശൈലിയിൽ കൊട്ടാറുണ്ട്. അതിലൊന്നാണ് മലമക്കാവ് ശൈലി. തൃത്താല കേശവ പൊതുവാളിൽ നിന്നാണ് ഇതിന്റെ ഉല്പത്തി. അദ്ദേഹവും മകൻ പ്രസിദ്ധനായ

## ഉത്തര ഗുരുവായൂരപ്പൻ സോപാന ഗീതം



സജി പി രാജ് വൈക്കം

“ശ്രീവത്സാങ്ങ്ഗിത കൗസ്തുഭ രത്നധാര നിലയേ
ശ്രീഗോളാധിപവ്വംശ വർധക സർവ്വരക്ഷാധിപം
വിരാജിത രാജരാജം
ശ്രീകൃഷ്ണം പാർത്ഥസാരഥി തവ വിഭോ
നീലാമ്പരം രജനിതം തവ വിഷ്ണുരൂപം”

കൃഷ്ണ സുരാങ്ങ്ഗം കാളിയ വർണ്ണം
പീത വസനം മയൂര നിവാസിതം
ചന്ദന ചാർച്ചിത നീലകളേബര
സുന്ദര മോഹന വേണുവിലോലം

ഉത്തര ഗുരുവായൂർ വാഴും കൃഷ്ണാ
മയൂര വിഹാര പുരേശാധിപധേ......
കല്പിത യമുനാ പരിസര വാസേ
പീതാംമ്പര ദേവ മനോഞ്ജരൂപം

ആശ്രീത വത്സല മോഹിത കൃഷ്ണാ
ദേവകീ നന്ദന ഗോപികാ വല്ലഭ
വന്ദിത ദേവ സുലക്ഷണ മൂർത്തേ
കുണ്ഠിത ഭാവ വിനാശക ദേവാ.........

സഹസ്ര കോടി അർച്ചനയാലേ
മുഖരിത ക്ഷേത്രം മയൂര വിഹാരം
കൃഷ്ണ മാധവ മോഹന രൂപം
കണികാണും മമ ജീവിത സുകൃതം
പൂർവ്വ വിരാജിത മയൂര ദേശേ
സുരേശം രമേശം ഭജേ വിഷ്ണു നാഥാ..........

കുഞ്ഞികൃഷ്ണ പൊതുവാളും ക്ഷേത്രത്തിലെ അടിയന്തിരക്കാരായിരുന്നു.

ക്ഷേത്രത്തിൽ വലിയൊരു ചരക്കുണ്ട്. ഒരിക്കൽ സാമൂതിരിപ്പാട് ക്ഷേത്രത്തിൽ സമർപ്പിച്ചതാണ്. ഇത് അടക്കം രണ്ടു ചരക്കുകൾ പണി കഴിപ്പിച്ചിരുന്നു ഒന്ന് കോവിലകത്തേക്ക് ഉദ്ദേശിച്ചുട്ടുള്ള തായിരുന്നു. ചരക്കുകൾ പണിതീർത്തപ്പോൾ തൃത്താല ദേവനുള്ളത് മികച്ചതായിട്ട് രാജാവിന് തോന്നി. അതിനാൽ അത് കോവിലകത്തേക്ക് മാറ്റി. ഈ പ്രവർത്തിക്ക് ശേഷം സാമൂതിരിക്ക് ഒട്ടേറെ അസ്വസ്ഥതകൾ വന്നെന്നും, തൃത്താല ദേവന്റെ ചരക്ക് തിരിച്ചു നൽകിയ ശേഷമേ രാജാവിന് സ്വസ്ഥത ലഭിച്ചിട്ടുള്ളു എന്നും ഒരു മൊഴിയുണ്ട്. ശിവന് ത്രികാലപൂജയ്ക്ക് ശർക്കരയാണ് പ്രധാന നിവേദ്യം. ധനുമാസത്തിലെ തിരുവാതിര നാൾ ആറാട്ട് വരത്തക്ക വിധം 10 ദിവസത്തെ ഉത്സവം.

അങ്കുരാദിയാണ് ഉത്സവം. അഷ്ടദ്രവ്യ ഗണപതിഹോമത്തോടെ ആരംഭിക്കുന്നു. രാത്രി കൊടിയേറ്റം, ബിംബശുദ്ധി, കലശപൂജ, ശ്രീ ഭൂതബലി തുടങ്ങയ താന്ത്രികച്ചടങ്ങുകൾ, രണ്ടാം ദിവസം കേളി, ഗണപതി ഹോമം, ശീവേലി, തായമ്പക വിളക്കിനെഴുന്നള്ളിക്കൽ. രണ്ടാം ദിവസം തുടങ്ങി എട്ടാം ദിവസം വരെ മറ്റു താന്ത്രികച്ചടങ്ങുകളും ഭക്തിമയ കലാപരിപാടികളും. എട്ടാം ദിവസം പള്ളിവേട്ട, എഴുന്നള്ളിപ്പ്, പാണ്ടിമേളത്തോടെ തിരിച്ചെഴുന്നെള്ളത്ത്, പത്താം ദിവസം പള്ളിക്കുറുപ്പുണർത്തൽ, യാത്രാബലി എന്നിവയാണ് ഉത്സവച്ചടങ്ങുകൾ.

ക്ഷേത്രോത്സവങ്ങൾ മൂന്ന് വിധത്തിലുണ്ട് - അങ്കുരാദി, ധ്വജാദി, പടഹാദി, ശുദ്ധിക്രിയകൾക്കു ശേഷം ആചാര്യനെ വരിക്കുന്നു. ആചാര്യവരണത്തിനു ശേഷം ആചാര്യൻ ഓരോ ദേവതയ്ക്കും പറഞ്ഞതായ നവധാന്യങ്ങൾ മുളയറയിൽ മുളയിട്ട് മുളപ്പിക്കുന്നു. കൊടികയറി നിശ്ചയിക്കപ്പെടുന്ന ആചാരങ്ങളും, അനുഷ്ഠാനങ്ങളും പള്ളിവേട്ട, ആറാട്ട് തുടങ്ങിയ ചടങ്ങുകളും നടത്തി ആഘോഷിക്കുന്നു, ഇതാണ് അങ്കുരാദി.

കോഴിക്കോട് സാമൂതിരിരാജയുടെ ഊരാളാധീനതയിലുള്ള ഈ ക്ഷേത്രം മലബാർ ദേവസ്വം ബോർഡിന്റെ മലപ്പുറം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിന് കീഴിൽ വരുന്ന ഒന്നാണ്. എക്സിക്യൂട്ടീവ് ഓഫീസറാണ് നിലവിലെ ഭരണാധികാരി.


തൃത്താല മഹാദേവ ക്ഷേത്ര വിലാസം.
തൃത്താല മഹാദേവ ക്ഷേത്രം
പോത്രിതല ജില്ല, പാലക്കാട്, കേരളം 679534
E-mail: trithalamahasivakshethram@gmail.com


അവലംബം വിവിധ അധികാരിക രേഖകൾ

# കാണാത്ത ഉണ്ണി




ശാരദ മേനോൻ
117 A, പോക്കറ്റ് 4, മയൂർ വിഹാർ ഫേസ്-1, ഡൽഹി


കൃഷ്ണാ ഹരേ ജയ.. കൃഷ്ണാ ഹരേ ജയ...
കൃഷ്ണാ ഹരേ ജയ....

ഒരു മുളം തണ്ടൂതീ എന്നെ ഉണർത്തുന്ന
കരിമുകിൽ വർണ്ണനെ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

കാലിൽ ചിലങ്ക കിലുക്കി കളിക്കുന്ന
കാണാത്ത ഉണ്ണിയെ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

പീലിക്കണ്ണൊന്ന് ഒളിച്ചു കാണിക്കുന്ന
കൈതവ പൈതലേ നിന്നെ തൊഴാം
(കൃഷ്ണാ ഹരേ.........)

കളിതുടങ്ങീടുമ്പോൾ കൂടെ കളിക്കുന്ന
താന്തോന്നിപ്പൈതലേ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

ചേല മാറും നേരം ചേലവലിക്കുന്ന
ഗോപകുമാരനെ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

'ദീപം' തെളിയിച്ചു പൂജക്കൊരുങ്ങുമ്പോൾ
മുന്നിലിരിക്കുമെൻ ഉണ്ണീയെ തൊഴാം
(കൃഷ്ണാ ഹരേ.........)

പാല് കാച്ചും നേരം തട്ടി തൂവിക്കുന്ന
നവനീത ചോരനെ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

മണ്ണുതിന്നുന്നൊരു ഉണ്ണീവന്നിട്ടെന്റെ
കിണ്ണത്തിൽ ഉണ്ണുമ്പോൾ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

സന്ധ്യക്കു നാമം ജപിക്കുന്ന നേരത്ത്
മുന്നിലായ് ചാഞ്ചാടും ഉണ്ണി തൊഴാം
(കൃഷ്ണാ ഹരേ.........)

കൈപിടിച്ചിട്ടെന്നെ എങ്ങും നടത്തുന്ന
കാരുണ്യ മൂർത്തിയെ കൈകൂപ്പുന്നേൻ
(കൃഷ്ണാ ഹരേ.........)

അന്തിക്കുറങ്ങാൻ കിടക്കുന്ന നേരത്തു
കണ്ണുപൊത്തുന്നൊരു ഉണ്ണീ തൊഴാം
(കൃഷ്ണാ ഹരേ.........)

വെണ്ണ തിരയുന്നൊരുണ്ണിയെ കാണാഞ്ഞു
ഞാൻ എന്നും എങ്ങും തിരഞ്ഞീടുന്നു

കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ
കൃഷ്ണാ ഹരേ ജയ കൃഷ്ണാ ഹരേ ജയ




# ക്ഷേത്രസങ്കല്പം
## വേദാന്തദർശനത്തിൽ

*A devotee*

സർവ്വവ്യാപിയും, അവ്യക്തവും, അചിന്ത്യവും, അനിർവചനീയവും നിർഗുണവുമായ ബ്രഹ്മത്തെ വ്യക്തവും സഗുണവുമായ സാകാരഭാവത്തിൽ ഉപാസിക്കുന്നതിനെപ്പറ്റി ബ്രഹ്മസൂത്രത്തിലും ഉപനിഷത്തിലും ഭഗവദ്ഗീതയിലും എന്താണ് പറയുന്നതെന്ന് പരിശോധിക്കാം.

ശ്രീവേദവ്യാസ വിരചിതവും, ആദ്ധ്യാത്മിക ശാസ്ത്രഗ്രന്ഥങ്ങളിൽ അഗ്രിമ സ്ഥാനത്ത് അവരോധിക്കപ്പെട്ട പ്രസ്ഥാനത്രയത്തിലെ ബ്രഹ്മ സൂത്രത്തിൽ നിർഗുണ ബ്രഹ്മത്തെ സഗുണമായി, സാകാരമായി ഉപാസിക്കാമെന്ന് ആചാര്യശ്രേഷ്ഠന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബ്രഹ്മസൂത്രത്തിലെ ഒന്നാം അദ്ധ്യായത്തിൽ രണ്ടാം പാദത്തിലെ ഏഴാമത്തെ സൂത്രം ഇവിടെ ഉദ്ധരിക്കുന്നു.

അർഭകൗസ്ത്വാത്തദ്വ്യപദേശാച്ചനേതി
ചേന്ന നിചായുത്വാ ദേവം വ്യോമവച്ച

ഈ സൂത്രത്തിന്റെ സാരം: ശരീരത്തിന്റെ ഹൃദയത്തിൽ അധിവസിക്കുന്നുവെന്നതുകൊണ്ടും, ഏറ്റവും ചെറുതായതുകൊണ്ടു, ഉപാസ്യദേവൻ ബ്രഹ്മമല്ല എന്ന് സംശയിക്കുന്നുവെങ്കിൽ അത് ശരിയല്ല. ഹൃദയംകൊണ്ട് സാക്ഷാത്കരിക്കാൻ സാധിക്കുന്നു എന്നുള്ളതു കൊണ്ട് ബ്രഹ്മത്തിന്റെ സർവ്വവ്യാപിത്വത്തിന് ഒരു കുറവും സംഭവിക്കുന്നില്ല. വായുവിന്റെ സാന്നിദ്ധ്യം വിശറിയിലൂടെ അനുഭവവേദ്യമാവുന്നതുകൊണ്ട് വായു സർവ്വവ്യാപിയല്ലെന്ന് പറയാൻ സാധിക്കുമോ? അതുപോലെ എങ്ങും നിറഞ്ഞുനിൽക്കുന്ന ബ്രഹ്മത്തെ ഹൃദയത്തിൽ ഉപാസ്യദേവതാ രൂപത്തിൽ അനുഭവവേദ്യമാകാൻ സാധിക്കുന്നു എന്നതുകൊണ്ട് ബ്രഹ്മത്തിന്റെ സർവ്വവ്യാപിത്വത്തിന് ന്യൂനത സംഭവിക്കുന്നില്ല എന്നതാണ് ഇതിന്റെ അർത്ഥം. രൂപം അഥവാ വിഗ്രഹം സർവ്വവ്യാപിയായ ദൈവത്തെ മനുഷ്യമനസ്സിൽ അനുഭവവേദ്യമാക്കാൻ സഹായിക്കുന്നു എന്ന വസ്തുത ബ്രഹ്മസൂത്രം അംഗീകരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. ബ്രഹ്മസൂത്രത്തിൽ തന്നെ അശ്മരഥ്യൻ എന്ന ആചാര്യന്റെ അഭിപ്രായം ശ്രദ്ധിക്കുക.

"അഭിവ്യക്തേരിത്യാശ്മരഥ്യഃ
(ബ്ര സു 1 – 2 – 29)

ഭക്താനുഗ്രഹത്തിനു വേണ്ടി അതാത് കാലദേശങ്ങളിൽ വിവിധ രൂപത്തിൽ ഈശ്വരൻ പ്രകാശിക്കുന്നു എന്നതുകൊണ്ട് സാകാര ഭാവമെന്ന പരാമർശത്തിൽ ദോഷമില്ലെന്നാണ് അശ്മരഥ്യൻ എന്ന ആചാര്യൻ അഭിപ്രായപ്പെട്ടത്. ഈ അഭിപ്രായത്തെ ഒന്നുകൂടി വിശദീകരിക്കുകയാണെങ്കിൽ ഭക്തന്മാരുടെ ഭാവനക്കനുരൂപമായി ബ്രഹ്മം (ഭഗവാൻ) ഓരോ സമയത്തും ഓരോ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ദർശനം നൽകുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നതുകൊണ്ട് ബ്രഹ്മം നിർഗുണനും, നിരാകാരനുമാണെങ്കിലും സഗുണ സാകാരവർണ്ണനം അനുചിതമാണെന്ന് പറയുന്നത് ശരിയല്ല.

ബ്രഹ്മസുത്രത്തിൽ മറ്റൊരു മന്ത്രത്തിൽ ജൈമിനി ആചാര്യൻ പറയുന്നതിങ്ങനെയാണ്.

സമ്പത്തേരിതി ജൈമിനിസ്തഥാ ഹി ദർശയതി
(ബ്ര. സൂ. 1 – 2 – 31)

അനന്തമായ വിഭൂതികളാൽ സമ്പന്നനാണ് ഈശ്വരനെന്നതു കൊണ്ട്, കാലാദേശാതീതനായും, കാലദേശാന്തർഗ്ഗതനായും നിർഗുണനായും, സഗുണനായും, നിരാകാരനായും, സകാരനായും, വർണ്ണിക്കുന്നതിൽ ദോഷമില്ലെന്നാണ് ജൈമിനി ആചാര്യൻ അഭിപ്രായപ്പെട്ടത്. അതിനാൽ ഈശ്വരനെ ആർക്കും എവിടെയും എപ്പോഴും ഏത് രൂപത്തിലും ധ്യാനിക്കാം, സേവിക്കാം, സാക്ഷാത്കരിക്കാം എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.

ഉപനിഷത്തുക്കളിലും സാകാരോപാസനയുടെ പരാമർശം കാണാൻ സാധിക്കും. മുണ്ഡകോപനിഷത്തിലെ രണ്ടാം ഭാഗത്തെ ഒന്നാം ഖണ്ഡത്തിലെ നാലാമത്തെ മന്ത്രം ചുവടെ ഉദ്ധരിക്കുന്നു.

അഗ്നിർമൂർദ്ധ ചക്ഷുഷി ചന്ദ്രസൂര്യൌ
ദിശഃ ശ്രോത്രേ വാഗ്‌വിവൃതാശ്ച വേദഃ
വായുഃ പ്രാണോ ഹൃദയം വിശ്വമസ്യ
പദ്ഭ്യാംപൃഥ്വീ ഹ്യേഷ സർവ്വഭൂതാന്തരാത്മാ

സാരം:– ആരുടെ ശിരസ്സാണ് സ്വർഗ്ഗവും, കണ്ണുകൾ ചന്ദ്രസൂര്യന്മാരും ചെവികൾ ദിക്കുകളും, വാക്കുകൾ വേദങ്ങളും, ശ്വാസം വായുവും, ഹൃദയം വിശ്വവും ആയിരിക്കുന്നത്; ആരുടെ പാദത്തിൽ നിന്നാണ് ഭൂമി ആവിർഭവിച്ചത് ആ ദേവൻ എല്ലാവരിലും കൂടികൊള്ളുന്ന അന്തര്യാമിയാണ്. ഭഗവാൻ അന്തര്യാമിയായി എല്ലാവരിലുമുണ്ടെന്ന തത്ത്വം ശിഷ്യന്മാർക്ക് എളുപ്പം മനസ്സിലാക്കുവാൻ ഋഷി നിരാകാരബ്രഹ്മത്തെ മനുഷ്യരൂപവുമായി ഉപമിച്ചു. രൂപം ആശയത്തെ ഗ്രാഹ്യമാക്കുന്നു. ഗ്രഹിക്കാൻ സഹായിക്കുന്നത് വിഗ്രഹം അഥവാ രൂപം.

ശ്രീമദ് ഭഗവദ്ഗീതയിൽ ബ്രഹ്മത്തെ സാകാരഭാവത്തിലാരാധിക്കുന്നതിനെ ഭഗവാൻ ശ്രീകൃഷ്ണൻ അംഗീകരിച്ചിട്ടുണ്ട്. ഏഴാമദ്ധ്യായമായ 'ജ്ഞാനവിജ്ഞാനയോഗ'ത്തിൽ ശ്രീകൃഷ്ണൻ അർജ്ജുനനോട് പറയുന്നത് ശ്രദ്ധിക്കുക.

യോ യോ യാം യാം തനും ഭക്തഃ ശ്രദ്ധയാർച്ചിതു മിച്ഛതി
തസ്യതസ്യാചലാം ശ്രദ്ധാം തമേവ വിദധാമ്യഹം.
(ഭ. ഗീ – 7 – 21)

ഏത് ദേവതയെയാണോ ഭക്തന്മാർ ശ്രദ്ധയോടെ ആരാധിക്കുവാൻ ആഗ്രഹിക്കുന്നത് ആ ഭക്തന്റെ ശ്രദ്ധയെ ഞാൻ ദൃഢമാക്കിത്തീർക്കുന്നു എന്നാണ് ഈ ശ്ലോകത്തിന്റെ അർഥം. ഉപാസനയ്ക്കായി ഇഷ്ടമുള്ള ദേവതയെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഭഗവാൻ ഭക്തന്മാർക്ക് നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്. മാത്രമല്ല, ആ ദേവതയെ ശ്രദ്ധയോടെ ആരാധിക്കുകയാണെങ്കിൽ ഭഗവാൻ അവരെ ആത്യന്തികമായ ആത്മസാക്ഷാത്കാരം ലഭിക്കുവാൻ പൂർണ്ണമായി സഹായിക്കുമെന്ന് ഭഗവദ്ഗീതയിലെ രാജവിദ്യാ രാജഗുഹ്യയോഗത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു.

യേഽപ്യന്യ ദേവതാ ഭക്ത യജന്തേ ശ്രദ്ധയാന്വിതാഃ
തേഽപി മാമേവ കൗന്തേയ യജന്ത്യവിധിപൂർവ്വകം
അഹം ഹി സർവ്വയജ്ഞാനാം ഭോക്താച പ്രഭുരേവ ച
ന തു മാമഭിജാനന്തി തത്ത്വേനതശ്ച്യവന്തി തേ
(ഭ. ഗീ– 9 – 23,24)

വിധിപ്രകാരമല്ലെങ്കിലും ഏത് ഭക്തന്മാർ ശ്രദ്ധാപൂർവ്വം അന്യദേവതകളെ ആരാധിക്കുന്നുവോ അവരും വാസ്തവത്തിൽ എന്നെ തന്നെയാണ് ഉപാസിക്കുന്നത്. കാരണം ഞാൻ തന്നെയാണ് സർവ്വയജ്ഞങ്ങളുടെയും ഭോക്താവും പ്രഭുവും. എന്നാൽ, ഈ സത്യം അവർ മനസ്സിലാക്കാതെ ലൗകിക ജീവിതത്തിൽ ഭ്രമിക്കുന്നു.

നിർഗുണോപാസന വളരെ കഠിനമാണെന്ന സത്യം ഭഗവാൻ തന്നെ ഭക്തിയോഗത്തിൽ സമ്മതിച്ചിരിക്കുന്നു.

ക്ലേശോ*f*ധികതരസ്തേഷാം അവ്യക്താസക്തചേതസാം
അവ്യക്താഹി ഗതിർദുഃഖം ദേഹവദ്ഭിരവാപ്യതേ
(ഭ. ഗീ– 12 – 5)

നിർഗുണോപാസകന്മാർക്ക് ബുദ്ധിമുട്ടുകൾ കൂടുതലായിരിക്കും. കാരണം നിർഗുണോപാസനയിലെ നിഷ്ഠ ദേഹാഭിമാനികളായ സാധകന്മാർക്ക് വളരെ ബുദ്ധിമുട്ടിയാൽ മാത്രമേ ലഭിക്കുകയുള്ളു. മനുഷ്യരെല്ലാവരും ദേഹാഭിമാനികളാണ്. കാരണം സ്ഥൂലശരീരമാണ് ഒരു വ്യക്തിയുടെ രൂപമായി നാം ഗ്രഹിക്കുന്നത്. വാത്സല്യമെന്ന അദൃശ്യമായ വികാരം സ്വാനുഭവ പ്രദമാകുന്നത് അമ്മയുടെ രൂപത്തിലൂടെയാണ്. വാത്സല്യമെന്ന പദം നാം പ്രയോഗിക്കുമ്പോൾ നമ്മുടെ മനസ്സിൽ ആ ആശയം അമ്മയുടെ രൂപത്തിൽ കടന്നു വരുന്നു. അപ്പോൾ അമ്മ വാത്സല്യദേവതയായി തീരുന്നു. അമ്മ വാത്സല്യ വിഗ്രഹമാകുന്നു. ശിഷ്യൻ ഗുരുവിനെയോ, ഗുരുവിന്റെ പ്രതിമയെയോ കാണുമ്പോൾ ബഹുമാനപൂർവ്വം നമസ്കരിക്കുന്നു. ഇത് നിർഗുണോപാസനയ്ക്ക് കടകവിരുദ്ധമാണ്. കാരണം ദേഹമാണ് ഗുരുവെന്ന് ചിന്തിക്കരുതെന്നാണ് ഗുരു ശിഷ്യനെ പഠിപ്പിച്ചത്. എങ്കിലും ശിഷ്യനെപ്പോഴും ഗുരുവിനെ സ്മരിക്കുന്നത് ദേഹരൂപത്തിലാണ്.

പ്രപഞ്ചത്തിലെ തന്റെ വിഭൂതികളെപ്പറ്റി വിസ്തരിച്ച് പ്രതിപാതിച്ച ശേഷം ഭഗവാൻ അർജ്ജുനന് തന്റെ വിശ്വരൂപം കാണിച്ചുകൊടുത്തു. സാംഖ്യയോഗം മുതൽ വിഭൂതിയോഗം വരെ ശ്രീകൃഷ്ണൻ ഉപനിഷദ്സാരമാണ് അർജ്ജുനന് ഉപദേശിച്ചുകൊടുത്തത്. ആ തത്ത്വത്തെ വിശ്വരൂപത്തിലൂടെ (പ്രകടീകരണം) ഭഗവാൻ പ്രദർശിപ്പിച്ചു. സർവ്വവ്യാപിയായ പരമാത്മാവിനെയാണ് വിശ്വരൂപത്തിൽ ഭഗവാൻ അർജ്ജുനന് കാണിച്ചുകൊടുത്തത്. ആ രൂപം ദർശിച്ചതിനു ശേഷം അർജ്ജനന്റെ പ്രതികരണമെന്തായിരിക്കുമെന്ന് ഭഗവാൻ ആകാംക്ഷയോടെ പ്രതീക്ഷിച്ചു. പക്ഷേ, അർജ്ജുനന്റെ പ്രതികരണം ഭഗാവനെ നിരാശനാക്കുകയാണ് ചെയ്തത്. വിശ്വരൂപം ദർശിക്കാൻ തനിക്ക് ഭയമാകുന്നുവെന്നും ഭഗവാന്റെ മനോഹരമായ ശ്രീകൃഷ്ണരൂപം തന്നെയാണ് തനിക്ക് പ്രിയമെന്നും അർജ്ജുനൻ പറഞ്ഞപ്പോൾ ഭഗവാൻ അത്ഭുതപ്പെട്ടു. വാസ്തവത്തിൽ വിശ്വരൂപം കാണിച്ചുകൊടുത്ത ശേഷം ഗീതോപദേശം ഭഗവാൻ അവസാനിപ്പിക്കേണ്ടതായിരുന്നു. പകരം, അർജ്ജുനന്റെ മാനസികതലത്തിലേക്ക് ഇറങ്ങിവന്ന് ഭഗവാൻ ഭക്തിയെപ്പറ്റി (ഭക്തിയോഗം) ഉപദേശിക്കുകയാണ് ചെയ്തത്. മനോബുദ്ധികളെ ആദ്യം പാകപ്പെടുത്തിയതിനു ശേഷമേ ആത്യന്തികമായ ബ്രഹ്മത്തെ ഉൾക്കൊള്ളുവാൻ ഒരു സാധകന് സാധിക്കുകയുള്ളുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ആ അവസ്ഥയെ പ്രാപിക്കാൻ ഒരുപക്ഷേ ഒരുപാട് ജന്മങ്ങൾ മനുഷ്യന് ആവശ്യമായിവരും.

# വിഷ്ണുസഹസ്രനാമ മഹിമ



പ്രദീപ് നമ്പൂതിരി

ഗുരുവായൂരപ്പാ ഗുരുവായൂരപ്പാ
ശരണം ശ്രീ ഗുരുവായൂരപ്പാ ...
ഉത്തര ഗുരുവായൂരപ്പാ ...

ഒരു കോടി തിരുനാമം ഉരുവിട്ടു നാമിന്ന്
ഒരു കോടി അർച്ചന ചെയ്യാം
തെച്ചിയും തുളസിയും താമരയും ആ
തൃച്ചേവടികളിൽ ചേർക്കാം

ഗുരുവായൂരപ്പാ .....

പലവിധമായുള്ള നരജന്മദുരിതങ്ങൾ
സഹസ്രനാമത്താൽ നശിക്കും....
സംസാര സാഗരം നീന്തിക്കയറുവാൻ
കംസാരി തന്നെ ശരണം...

ഗുരുവായൂരപ്പാ.....

ഉച്ചത്തിൽ ഹരിനാമം ഉച്ചരിച്ചീടുമ്പോൾ
അച്ച്യുതൻ ചിത്തേ വിളങ്ങും
ഒന്നായ് ഒരുമിച്ചു ചൊല്ലുവിൻ ഭക്തരേ
വിഷ്ണു സഹസ്രനാമം...
ശ്രീ വിഷ്ണു സഹസ്രനാമം...

ഗുരുവായൂരാപ്പാ.....

